# ഉദയം

ചിത്രവാരിക

VOL. 1 No. 15



UDAYAM MALAYALAM ILLUSTRATED WEEKLY

PRICE

# വിഷയ വിവരം


| | | |
|---|---|---|
| | | പേജ് |
| 1. | പൂജാപുഷ്പം (കവിത) — നാലാങ്കൽ കൃഷ്ണപിള്ള എം. ഏ. എൽ. ററി. | 1 |
| 2. | ചന്ദ്രോദയം (കവിത) — എം. കെ. മഹിളാമണി | |
| 3. | Bapu — *By Pandit Jawaharlal Nehru* | 3 |
| 4. | മഹാത്മജിയുടെ അന്തിമ ദിനങ്ങൾ — പ്യാരിലാൽ | 4 |
| 5 | അമ്മ (ഏകാങ്ക നാടകം) — പി. ജെ. ആൻറണി | 7 |
| 6. | സാഹിത്യചിന്തയും കാലപരിഗണനയും — എം. കെ. ഭാസി | 13 |
| 7. | മുഖപ്രസംഗം:— അവരുടെ ലാഭചിന്ത | 16 |
| 8. | തിരുവിതാംകൂർ രാജ്യകാര്യങ്ങൾ (രാഷ്ട്രീയ ലേഖകൻ) | 17 |
| 9. | വിവാഹം (ചെറുകഥ) — കളവങ്കോടം ബാലകൃഷ്ണൻ | 19 |
| 10. | Market Report & Steamer Movements | 24 |


* മുഖചിത്രം: യുണൈററഡ് പ്രോവിൻസിലെ ഗവർണ്ണറായ എച്ച്. ഇ. സരോജിനി നായിഡു. 1931-ൽ എടുത്ത ഫോട്ടോയാണിത്.

## മാന്യ ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്

"ഉദയം" ചിത്രവാരികയിൽ പ്രസിദ്ധീകരിക്കുന്നതിന് അയക്കുന്ന ലേഖനങ്ങൾ കടലാസ്സിൻെറ ഒരു പുറത്തു മാത്രം വൃത്തിയായും വ്യക്തമായ കയ്യക്ഷരത്തിലും എഴുതി അയക്കേണ്ടതാണ്. ആശയപരമായോ ഭാഷാപരമായോ തിരുത്തലുകൾ ആവശ്യമെങ്കിൽ അവ ചെയ്യാനുള്ള സൌകര്യത്തിനു വേണ്ടി വരികൾ അകത്തി എഴുതുവാൻ ലേഖകന്മാർ ശ്രദ്ധിക്കണം. ലേഖനങ്ങളും ചെറുകഥകളും "ഉദയ"ത്തിൻെറ നാലു പേജുകളിൽ കവിയാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസിദ്ധീകരണാഹമല്ലാത്ത ലേഖനങ്ങളും ചെറുകഥകളും കവിതകളും മടക്കി വേണമെന്നുള്ളവർ അവ തിരിച്ചയക്കുന്നതിന്നാവശ്യമായ തപാൽ സ്റ്റാമ്പോ കൊച്ചി അഞ്ചൽ സ്റ്റാമ്പോ അവയോടൊന്നിച്ച് അയക്കേണ്ടതാണ്. അതല്ലാത്തപക്ഷം ലേഖനങ്ങൾ തിരിച്ചയക്കുവാനോ, അവ ഇവിടെ സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വമേടുക്കുവാനോ, ഞങ്ങൾക്കു സാദ്ധ്യമല്ല. ഒന്നാം കിടയിലുള്ള ലേഖകന്മാർക്കുമാത്രമേ പ്രതിഫലം നല്കുവാനും നിവൃത്തിയുള്ളു. ആശയവൈശിഷ്ട്യം, പ്രതിപാദനരീതി, ഭാഷ എന്നീമൂന്നു മാനദണ്ഡങ്ങളിൽ കൂടി നോക്കുമ്പോൾ അവ മൂന്നും പൂർണ്ണമായി പ്രകാശിക്കുന്നുണ്ടെന്നു പത്രാധിപസമിതി തീരുമാനിക്കുന്ന ലേഖനങ്ങൾക്കു മാത്രമേ മേലിൽ പ്രതിഫലം നല്കുകയുള്ളു. മേൽപറഞ്ഞ മൂന്നു ഗുണങ്ങളും ഇല്ലാത്ത ലേഖനങ്ങൾ, ലേഖനകർത്താക്കളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിമാത്രം, വേണ്ടതിരുത്തലുകൾ ചെയ്തു്, ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. അപ്രകാരമുള്ള ലേഖനങ്ങൾക്ക് "ഉദയ"ത്തിൽ സ്ഥലം അനുവദിക്കുന്നതു തന്നെ തൽക്കർത്താക്കൾക്കുള്ള പ്രതിഫലമായി പരിഗണിച്ച് അവർ ആസന്ന ഭാവിയിൽ ഒന്നാംകിട ലേഖകന്മാരായിത്തീരുവാൻ കൂടുതൽ ശ്രമിക്കയാണു വേണ്ടതു്.

ഉദയം

Vol. 1 | 1948 മാർച്ച് 13-ാംനു- ശനിയാഴ്ച | No. 15

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARCHAL

# പൂജാപുഷ്പം

(നാലങ്കൽ കൃഷ്ണപിള്ള എം. ഏ. എൽ. ററി.)

1. അരിയോരിപ്പൂ വിനിയും വൈകാ–
തറുത്തെടുക്കേൻ ഹൃദയ നാഥാ !
തരളവാതം കരുണയെന്ന്യേ
തറയിലെങ്ങാനെറിയും മുൻപേ,
വെറുംപൊടിയിൽ തകൎന്നുവീണു
വെറുങ്ങലിച്ചു നശിക്കും മുൻപേ,
ഹൃദയനാഥാ പരിഗ്രഹിക്കു
സദയമഞ്ജീ വനസുമത്തെ.........

2. അനഘമാകും തവമാല്യത്തി–
ലതിനുസ്ഥാനം ലഭിക്കയില്ല;
തവകരങ്ങളിറുത്തെടുക്കും
മധുരമായ വേദനയാൽ,
അതു പുളക മിളിതയായി
ക്കുതുകം കൊണ്ടു പുളയ്ക്കുമല്ലോ..........

3. സമയമിപ്പോഠം വളരെ വൈകീ
ചമഞ്ഞു തീർന്നു കനകസന്ധ്യ
കഴിഞ്ഞു പോയോ, ഭയപ്പെടുന്നേൻ
കഴലിണകഠം വണങ്ങാൻ നേരം !!
വിവിധ വർണ്ണം തിരയടിക്കും
വിമല ശോഭ ദളങ്ങഠംക്കില്ല;
വിശിഷ്ടമാകും പരിമളത്തിൻ
വിലയതിനുലവവുമില്ല;
കനിവൊടെന്നാ ലവിടുന്നു, തൃ–
ക്കഴലാഢിതു ചവുട്ടിയെങ്കിൽ,
സുകൃതിയായി ബ്ഭവിച്ചുയർന്നു–
സ്സുരലോകത്തെ, ക്കുസുമമാകും;.............

4. സമയം തീരുന്നതിനു മുൻപേ
അദയം മൃത്യു വണയും മുൻപേ,
അവിടത്തേക്കായ് പ്പിറന്നൊരെന്നെ
അലിവിയന്നു ഗ്രഹിക്കവേണേ !

—ഃ ശുഭം ഃ—

# ചന്ദ്രോദയം

(എം. കെ. മഹിളാമണി)

കേക.

1

വിപ്ലവപ്പട്ടുചേല
യണിഞ്ഞു കാണുന്നിതാ
പശ്ചിമാംബരമേതോ
ദൃഢനിശ്ചയത്തോടെ !

2

പാരാവാരത്തിൻ ജീവ
രക്തമൂററിക്കുടിക്കും
സൂരൻ — ആ മഹാശൂരൻ —
അസ്തമിച്ചാരക്തനായ് !!

3

പൂർവ്വദിങ് മുഖത്തിങ്ക–
ലുദിച്ചു പൊങ്ങീടുന്നു
പാർവ്വണശശി ബിംബം
പൊൽത്തളിക പോലവേ !

4

ഇരുളിൻ ചുരുളുകഠം–
ക്കിടയിൽ പിടയുമീ
പാരിതാ പ്രകാശത്തിൻ
പൊന്നാട ചാത്തീടുന്നു !

5

തരംഗം തത്തുന്നതാം
രജതക്കടലിൻെറ
ഹൃദയം വികസിപ്പൂ,
സന്തോഷാവേശത്താലോ?

6

ലാവണ്യപ്പൂന്തേൻ കുഴ–
മ്പാകുമ പ്രകാശത്തിൽ
ജീവരാശിയാകവെ
പുളകം ചാൎത്തുന്നാഹാ !

# BAPU

By Pandit Jawaharlal Nehru

Nineteen - sixteen. Over thirty-two years ago. That was when I first saw Bapu, and an age has gone by since then. Inevitably one looks back and memories crowd in. What a strange period this has been in India's history and the story, with all its ups and downs and triumphs and defeats, has the quality of a ballad and a romance. Even our trivial lives were touched by a halo of romance, because we lived through this period and were actors, in greater or lesser degree, in the great drama of India.



This period has been full of wars and upheavals and stirring events all over the world. Yet events in India stand out in distinctive outline because they were on an entirely different plane. If a person studied this period without knowing much of Bapu, he would wonder how and why all this happened in India. It is difficult to explain it; it is even difficult to understand by the cold light of reason why each one of us behaved as he or she did. It sometimes happens that an individual or even a nation is swept away by some gust of emotion or feeling into a particular type of action, sometimes noble action, more often ignoble action. But that passion and feeling pass and the individual soon returns to his normal levels of action and inaction.

## A REMARKABLE PHASE

The surprising thing about India during this period was not only that the country as a whole functioned on a high plane, but also that it functioned more or less continuously for a lengthy period on that plane. That indeed was a remarkable achievement. It cannot easily be explained or understood unless one looks upon the astonishing personality that moulded this period. Like a colossus he stands astride half a century of India's history, a colossus not of the body but of the mind and spirit.

We mourn for Bapu and feel orphaned. Looking back at his magnificent life, what is there to mourn for? Surely to very very few human beings in history could it have been given to find so much fulfilment in their own lives. He was sad for our failures and unhappy at not having raised India to greater heights. That sadness and unhappiness are easy to understand. Yet who dares to say that his life was a failure? Whatever he touched he turned into something worthwhile and precious. Whatever he did yielded substantial results, though perhaps not as great as he hoped for. One carried away the impression that he could not really fail in anything that he attempted. According to the teachings of the Gita, he laboured dispassionately without attachment to results, and so results came to him.

## A SYMPHONY

During his long life, full of hard work

and activity and novel adventures out of the common rut, there is hardly any jarring note anywhere. All his manifold activities became progressively a symphony and every word he spoke and every gesture that he made fitted into this, and so unconsciously he became the perfect artist, for he had learnt the art of living, though the way of life he had adopted was very different from the world's way. It became apparent that the pursuit of truth and goodness leads among other things to this artistry in life.

As he grew older his body seemed to be just a vehicle for the mighty spirit within him. Almost one forgot the body as one listened to him or looked at him, and so where he sat became a temple and where he trod was hallowed ground.

## AT THE TOP OF STRENGTH

Even in his death there was a magnificence and complete artistry. It was from every point of view a fitting climax to the man and to the life he had lived. Indeed it heightened the lesson of his life. He died in the fullness of his powers and as he would no doubt have liked to die, at the moment of prayer. He died a martyr to the cause of unity to which he had always been devoted and for which he had worked unceasingly, more specially during the past year or more. He died suddenly as all men should wish to die. There was no fading away of the body or a long illness or the forgetfulness of the mind that comes with age.

Why then should we grieve for him? Our memories of him will be of the Master, whose step was light to the end, whose smile was infectious and whose eyes were full of laughter. We shall associate no failing powers with him of body or mind. He lived and he died at the top of his strength and powers leaving a picture in our minds and in the mind of the age that we live in that can never fade away.

## PART OF INDIA'S SPIRIT

That picture will not fade. But he did something much more than that, for he entered into the very stuff of our minds and spirits and changed them and moulded them. The Gandhi generation will pass away, but that stuff will remain and will affect each succeeding generation, for it has become a part of India's spirit. Just when we were growing poor in spirit in this country, Bapu came to enrich us and make us strong, and the strength he gave us was not for a moment or a day or a year but it was something added on to our national nheritance.

Bapu has done a giant's work for India and the world and even for our poor selves, and he has done it astonishingly well. And now it is our turn not to fail him or his memory but to carry on the work to the best of our ability and to fulfil the pledges we have so often taken.

---



President Truman

# മഹാത്മജിയുടെ അന്തിമദിനങ്ങൾ

(പ്യാരിലാൽ)

II

പ്രാർത്ഥനക്കു വന്നു ചേർന്നവരുടെ നടുവിൽ ഒഴിച്ചിട്ട വഴിയിലൂടെ കടന്നു പോകുമ്പോൾ ജനങ്ങളുടെ നമസ്കാരങ്ങൾ സ്വീകരിക്കുന്നതിന്ന് അദ്ദേഹം പെൺകുട്ടികളുടെ ചുമലിൽ നിന്നു കൈയെടുത്തു. പെട്ടെന്ന് ഒരാൾ വലത്തുഭാഗത്തു നിന്നു വഴിയിലുള്ളവരെ ഉന്തിനീക്കിക്കൊണ്ടു മുമ്പോട്ടു വന്നു. അയാൾ ഗാന്ധിജിയുടെ കാൽ തൊട്ടു വന്ദിക്കുവാനാണ് വരുന്നതെന്നു കരുതി മനു അയാളെ ശാസിക്കുകയും, പ്രാർത്ഥനക്ക് ഇപ്പോൾ തന്നെ വൈകിയെന്നു പറഞ്ഞ് കൈക്കു പിടിച്ചു തടഞ്ഞു നിറുത്തുകയും ചെയ്തു. അയാൾ അവളുടെ കൈകൾ ബലമായി തട്ടിനീക്കി. അതോടുകൂടി അവളുടെ കൈയിലുണ്ടായിരുന്ന "ആശ്രമഭജനാവലി"യും ബാപ്പുവിന്റെ കോളാമ്പിയും 'മാല'യും താഴെ വീണു. അവൾ അവ നിലത്തുനിന്നു പെറുക്കിയെടുക്കാൻ കുനിയുമ്പോഴേക്കും അയാൾ ബാപ്പുവിന്റെ നേരേ മുമ്പിലെത്തി. ഉണ്ടകളിൽ ഒന്നു പിന്നീടു ബാപ്പുവിന്റെ അങ്കവസ്ത്രത്തിന്റെ മടക്കുകളിൽ നിന്നു കണ്ടു കിട്ടത്തക്കവണ്ണം അത്ര അടുത്താണ് അയാൾ വന്നു നിന്നത്. ഏഴറകളുള്ള ഒരു കൈത്തോക്കിൽ നിന്നു തുടരെത്തുടരെ മൂന്നു വെടി മുഴങ്ങുന്നതു കേട്ടു. ആദ്യത്തെ ഉണ്ട വലത്തുഭാഗത്തുടെ ആമാശയത്തിൽ പ്രവേശിച്ചു. രണ്ടാമത്തെ ഉണ്ട മദ്ധ്യപടലത്തിന്ന് ഒരിഞ്ച് വലത്തുഭാഗത്തും മൂന്നാമത്തേത് മുലക്കണ്ണിന്നു ഒരിഞ്ചും മദ്ധ്യപടലത്തിന്ന് നാലിഞ്ചും മീതെയായി നെഞ്ചിലും കൊണ്ടു. ആദ്യത്തെ രണ്ടു ഉണ്ടകളും ദേഹം തുളച്ചു പിൻഭാഗത്തുടെ പുറത്തേയ്ക്കു കടന്നു. മൂന്നാമത്തേതു ശ്വാസകോശത്തിൽ തന്നെ തങ്ങി നിന്നിരുന്നു. ആദ്യത്തെ വെടി കൊണ്ടതോടു കൂടി അതേവരെ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്ന കാൽ അനങ്ങാതായി. രണ്ടാമത്തെ വെടി പൊട്ടുമ്പോഴും അദ്ദേഹം സ്വന്തം കാലിന്മേൽ തന്നെ നില്ക്കുകയായിരുന്നു. അതോടു കൂടി അദ്ദേഹം കുഴഞ്ഞു. "രാമാ, രാമ" എന്നുച്ചരിച്ചുകൊണ്ടാണ് അദ്ദേഹം വീണത്. മുഖം പെട്ടെന്ന് ചാരനിറമായി. വെള്ള വസ്ത്രത്തിൽ വലുതായിക്കൊണ്ടുവന്ന ഒരു ചുവന്ന പാട് പ്രത്യക്ഷപ്പെട്ടു. പ്രാർത്ഥകന്മാരോട് നമസ്കാരം പറയുന്നതിന്നായി പൊക്കിയ കൈകൾ പതുക്കെ താഴോട്ടു പതിച്ചു. അവയിൽ ഒന്ന് സ്വാഭാവികമായി ആഭയുടെ കഴുത്തിലാണ് വീണത്. അതോടുകൂടി ഊർജ്ജസ്വലമായ ആ ശരീരം കുഴഞ്ഞു നിലത്തേക്കു താണു. അപ്പോഴേ തലച്ചിന്നിയ ആഭയ്ക്കും മനുവിന്നും എന്താണു നടന്നതെന്ന് മനസ്സിലായുള്ളു.

പിറേറ ദിവസം നൌഖാലിക്കു പുറപ്പെടുന്നതിന്ന് വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിന്നു വേണ്ടി നഗരത്തിലേക്കു പോയിരുന്ന ഞാൻ അപ്പോൾ തിരിച്ചെത്തിയിട്ടേയുള്ളു. ഞാൻ പ്രാർത്ഥന സ്ഥലത്തേക്കു കടക്കുന്ന കരിങ്കൽ കമാനത്തിന്റെ അടുത്തെത്തുമ്പോഴേക്കും ശ്രീ ചന്ദ്വാനി എതിർ വശത്തു നിന്ന് ഓടി വരുന്നതു കണ്ടു. "ഡോക്ടർക്കു ടെലഫോൺ ചെയ്യുക, ബാപ്പുവിന്നു വെടിയേററിരിക്കുന്നു." അദ്ദേഹം നിലവിളിച്ചു. ഞാൻ ഒരു കരാള ദുസ്വപ്നം കണ്ടാലെന്നപോലെ നടുങ്ങിപ്പോയി. ഒരു യന്ത്രപ്പാവ പോലെ ഞാൻ പോയി ടെലഫോണിൽ ഡോക്ടരെ വിളിപ്പിച്ചു.

'മരണം പെട്ടെന്ന്.'

എല്ലാവരും ഞെട്ടി. അദ്ദേഹത്തിന്റെ പുറകിൽ നടന്നിരുന്ന ഡോക്ടർ രാജ് സദർവാൾ അദ്ദേഹത്തിന്റെ ശിരസ്സെടുത്തു പതുക്കെ തന്റെ മടിയിൽ വെച്ചു. ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു; കണ്ണുകൾ പകുതി അടഞ്ഞിരുന്നു. അക്രമിയെ ബേർളാമന്ദിരത്തിലെ 'മാലി' പിടികൂടി. വേറെ ചിലരും കൂടി, കുതറി രക്ഷപ്പെടാൻ ശ്രമിച്ച അയാളെ ബന്ധനസ്ഥനാക്കി. അനക്കമില്ലാതെ കിടക്കുന്ന ശരീരത്തെ സ്നേഹിതന്മാർ താങ്ങിയെടുത്തു കൊണ്ടുപോയി അദ്ദേഹം സാധാരണ ഇരുന്നു പ്രവൃത്തിയെടുക്കുന്ന പായയിൽ കൊണ്ടുപോയി കിടത്തി. എന്നാൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നതിനു മുമ്പ് ക്ലോക്ക് നിന്നു കഴിഞ്ഞിരുന്നു. അകത്തേയ്ക്ക് എടുത്തു കൊണ്ടുവന്നതിനുശേഷം ഒരു ടീസ്പൂൺ തേനും ചൂടുവെള്ളവും കലത്തി കൊടുത്തു നോക്കിയെങ്കിലും അതു് ഇറങ്ങിയില്ലെന്നു തന്നെ പറയാം. മരണം അത്ര പെട്ടെന്നായിരുന്നു.


ഡോക്ടർ സുശീലാനായർ ഭവൽപൂരിലായിരുന്നു. ബാപ്പു അവരെ ഒരു പ്രത്യേകാവശ്യത്തിന്ന് അങ്ങോട്ട് അയച്ചിരിക്കയായിരുന്നു. ഡോക്ടർ ഭാർഗ്ഗവ ഉടൻ എത്തി. അദ്ദേഹം പരിഭ്രമത്തോടു കൂടി 'അഡ്രിനലിൻ' കിട്ടുന്നതിനു വേണ്ടി ഡോക്ടർ സുശീലയുടെ "എമർജൻസി മെഡിസിൻ ചെസ്റ്റ്" (മരുന്നുപെട്ടി) മുഴുവൻ പരിശോധിച്ചു നോക്കി. ഞാൻ അദ്ദേഹത്തെ പലതും പറഞ്ഞു് ആ ഉദ്യമത്തിൽ

നിന്നു പിന്തിരിക്കാൻ ശ്രമിച്ചു. തന്റെ ജീവനെ രക്ഷിക്കാൻ വേണ്ടിപ്പോലും നിഷിദ്ധമായ യാതൊരൌഷധവും തനിക്കു തരരുതെന്നു് ബാപ്പു ഞങ്ങളെ പലതവണ ശാസിച്ചിട്ടുണ്ടായിരുന്നു. കാലം ചെല്ലുന്നതോടുകൂടി തനിക്കെന്നപോലെ മററുള്ളവർക്കും ഒരു സർവ്വരോഗവിനാശിനി എന്ന നിലയിൽ 'രാമനാമ' ത്തിന്നുള്ള ശക്തിയിൽ അദ്ദേഹത്തിന്നുള്ള വിശ്വാസം കൂടിക്കൂടി വന്നു. "ആകാം ക്ഷേമ സ്ഥിതോ ജഗത്" എന്ന ഗീതാവാക്യത്തിന്നു പിന്നെ എന്താണു് അർത്ഥം എന്നു ചോദിച്ചു കൊണ്ടു് ഇയ്യിടത്തെ ഉപവാസത്തിന്നിടയിൽ പോലും അദ്ദേഹം ശാസ്ത്രത്തിന്റെ പരിമിതികളെ ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടുണ്ടു്. 'രാമനാമ'ത്തിന്റെ ഫലപ്രാപ്തിയിൽ തനിയ്ക്കുള്ള വിശ്വാസത്തെക്കുറിച്ചു് അദ്ദേഹം ഒരിക്കൽ ശ്രീ ജമൻലാൽജിയോടു് പറയുകയുണ്ടായി. "ജീവിതത്തിൽ അതു് സാധൂകരിക്കാൻ തനിക്കു കഴിയുന്നില്ലെങ്കിൽ മരണത്തിലെങ്കിലും ഞാൻ അതു സാധൂകരിക്കും." ഒടുവിൽ വന്നു കൂടിയതും അങ്ങിനെ തന്നെയാണു്. മരുന്നു പെട്ടിയിൽ 'അഡ്രിനലിൻ' ഉണ്ടായിരുന്നില്ല. ഡോക്ടർ സുശീല ഒരിക്കൽ വാങ്ങിയിരുന്ന 'സിന്തററിക്കു് അഡ്രിനലിൻ' നൗഖാലിയിലെ കിസർഖിൽ ക്യാമ്പിൽ വെച്ചു പോരികയും ചെയ്തിരുന്നു.

'പട്ടേലിന്റേയും നെഹ്റുവിന്റേയും സങ്കടം'

അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരിൽ ആദ്യമായെത്തിയതു് സർദാർ പട്ടേലായിരുന്നു. അദ്ദേഹം ഗാന്ധിജിയുടെ അടുത്തിരുന്നു് നാഡി പിടിച്ചു നോക്കി. അതു് ക്ഷീണിച്ച നിലയിലാണെങ്കിലും മിടിക്കുന്നുണ്ടെന്നു് അദ്ദേഹം വിചാരിച്ചു. ഉടൻ ഡോക്ടർ ജീവരാജമേത്ത എത്തി. നാഡിയും കണ്ണുകളും പരിശോധിച്ചതിന്നു ശേഷം അദ്ദേഹം വ്യസനഭാവത്തിൽ തല കുലുക്കി. പെൺകുട്ടികൾ പൊട്ടിക്കരഞ്ഞു. ഉത്തര ക്ഷണത്തിൽ അവർ ഇടറുന്ന സ്വരത്തിൽ രാമായണം ചൊല്ലാൻ പുറപ്പെട്ടു. ജീവൻ വെടിഞ്ഞ ആ ശരീരത്തിന്നടുത്തു് സർദാർ പട്ടേൽ ഇരിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ വിളറിയ മുഖം കരിങ്കല്ലിൽ കൊത്തിയതു പോലെ ദൃഢമായി കാണപ്പെട്ടു. പിന്നീടു് ജവഹരിലാൽ നെഹ്റു എത്തി. അദ്ദേഹം ബാപ്പുവിന്റെ പുതപ്പിന്റെ ഒരു തുമ്പു കൊണ്ടു മുഖം പൊത്തി ഒരു ചെറു കുട്ടിയെപ്പോലെ വിങ്ങി വിങ്ങിക്കരഞ്ഞു. പിന്നാലെ ദേവദാസ് ഗാന്ധിയും രാജേന്ദ്ര പ്രസാദും വന്നു. പിറകിൽ ജയറാം ദാസ്, രാജകുമാരി അമൃത കൌർ, ആചാര്യ കൃപലാനി—ആ പഴയ കൂട്ടുകെട്ടിലെ അവസാനത്തെ അംഗങ്ങൾ. കുറച്ചു കഴിഞ്ഞു ഗവർണ്ണർ ജനറൽ മൌണ്ടു് ബാററൻ പ്രഭു എത്തിയപ്പോഴേക്കും ആളുകൾ വളരെ പെരുകിയിരുന്നതിനാൽ വളരെ പ്രയാസപ്പെട്ടിട്ടേ അദ്ദേഹത്തിന്നു അകത്തു കടക്കാൻ കഴിഞ്ഞുള്ളു. ഒരചഞ്ചല യോദ്ധാവായ അദ്ദേഹം ഒരു നിമിഷമെങ്കിലും പാഴാക്കാതെ ഭയങ്കരമായ ഈ അത്യാഹിതത്തിൽ നിന്നുത്ഭവിക്കുന്ന നാനാവിധ പ്രശ്നങ്ങളെക്കുറിച്ചു ആലോചിക്കുന്നതിന്നു് ഒരു രാജ്യതന്ത്രജ്ഞന്റെ ദീർഘ ദൃഷ്ടിയോടെ പണ്ഡിററ് നെഹ്റുവിനേയും മൌലാനാ ആസാദിനേയും വേറെ ഒരു മുറിയിലേക്കുവിളിച്ചു കൊണ്ടുപോയി.

ഗാന്ധിജിയുടെ ശരീരം തൈലത്തിലിട്ടു കുറച്ചു കാലത്തേയ്ക്കെങ്കിലും സൂക്ഷിക്കുന്നതിന്നു് ഒരു നിർദ്ദേശം പുറപ്പെട്ടു. എന്നാൽ ഇതു സംബന്ധിച്ചുള്ള ഗാന്ധിജിയുടെ അഭിപ്രായം അത്രയും സ്പഷ്ടവും ദൃഢതരവും ആയിരുന്നതിനാൽ അതിൽ ഇടപെടേണ്ടതു് എന്റെ പാവനമായ കർത്തവ്യമാണെന്നു് എനിയ്ക്കു തോന്നി. മരണത്തിന്നു ശേഷം തന്റെ ഭൌതിക ശരീരത്തെ ഒരു ദിവ്യവസ്തുവായി പരിഗണിക്കുന്നതിനോടു് അദ്ദേഹത്തിന്നുള്ള ശക്തിയായ എതിർപ്പു് ഞാൻ അവരെ ധരിപ്പിച്ചു. "എനിക്കു ഇതു




പോർച്ചുഗീസ് ഇന്ത്യയുടെ ഗവർണ്ണർ-ജെനറൽ

സംഭവിക്കുവാൻ നിങ്ങൾ അനുവദിക്കുകയാണെങ്കിൽ മരണത്തിൽ പോലും ഞാൻ നിങ്ങളെ ശാസിക്കും. ഞാൻ എവിടെ വെച്ചു മരിച്ചാലും എന്റെ ശരീരം യാതൊരു ആർഭാടവും കൂടാതെ സംസ്കരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.", എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. രാജേന്ദ്രപ്രസാദും ജയറാം ദാസും ജീവരാജ മേത്തയും എന്റെ അനുവാദത്തെ അനുകൂലിക്കയാൽ തൈലത്തിലിട്ടു സൂക്ഷിക്കുന്ന കാര്യം വേണ്ടെന്നു വെച്ചു. രാത്രി മുഴവൻ ഗീതയിൽ നിന്നും ശുകമണി സാഹേബിൽ നിന്നുമുള്ള പാരായണം മുറിയിൽ മുഴങ്ങി ജനങ്ങൾ അന്ത്യദർശനത്തിനായി എല്ലാ ഭാഗത്തു നിന്നും മുറിയിലേക്കു തിക്കിത്തിരക്കിക്കൊണ്ടിരുന്നു. ഒടുവിൽ പുരുഷാരത്തിനു കാണുന്നതിന്നായി ശരീരം ബേർളാമന്ദിരത്തിന്റെ മുകളിലുള്ള വരാന്തയിൽ കൊണ്ടു പോയിവെച്ചു.

'അവസാനത്തെ യാത്ര പറയൽ'

അതിരാവിലെ മൃതശരീരം ഹിന്ദുശാസ്ത്ര വിധി പ്രകാരം കുളിപ്പിച്ചു മുറിയുടെ നടുവിൽ പൂക്കളെക്കൊണ്ടു അലങ്കരിച്ചു കിടത്തി. വിദേശ പ്രതിനിധികൾ രാവിലെ വന്നു മൃതദേഹത്തെ നിശ്ശബ്ദമായി വന്ദിക്കുകയും അതിന്റെ പാദാന്തികത്തിൽ പൂമാലകൾ അർപ്പിക്കുകയും ചെയ്തു.

"മുഖത്ത് ഒരു പുഞ്ചിരിയോടുകൂടി ഒരുണ്ടവഷത്തെ നേരിടാൻ കഴിയുക എന്നതിലേറെ മറ്റൊന്നും ഞാൻ ഇഷ്ടപ്പെടുന്നില്ല" എന്ന് ഏതാനും ദിവസങ്ങൾക്കു മുമ്പ് അദ്ദേഹം പറഞ്ഞിരുന്നു. ഈശ്വരൻ ആ വരം അനുവദിച്ചു കൊടുത്തതായി തോന്നി.

പകൽ 11 മണിക്ക്, ഞങ്ങളോരോരുത്തരും അദ്ദേഹത്തിന്റെ പാദാന്തികത്തിൽ അന്തിമ പ്രണാമം അർപ്പിച്ചതിന്നു ശേഷം മൃതശരീരം ശവമഞ്ചത്തിൽ എടുത്തുവെച്ചു. അപ്പോഴേയ്ക്കു രാമദാസ് ഗാന്ധി നാഗ്പൂരിൽനിന്നു വിമാനം വഴി എത്തിച്ചേർന്നിരുന്നു. ശവമഞ്ചം പുറത്തേയ്ക്കെടുക്കുന്നതിന്നു മുമ്പ് അവസാനം എത്തിയത് ഡോക്ടർ സുശീലയാണ്. അവസാന നിമിഷത്തിൽ ബാപ്പുവിന്റെ ഒരുമിച്ചില്ലാതിരുന്നതിൽ വേദനപ്പെട്ടു എന്നാൽ അന്ത്യദർശനത്തിന്നു തക്കവണ്ണമെങ്കിലും എത്താൻ സാധിച്ചുവല്ലോ എന്നു തന്നത്താൻ സമാധാനിച്ചും കൊണ്ടാണ് അവർ വന്നത്.

"എന്തിനാണീശിക്ഷ" എന്നു രാത്രി അവൾ വിലപിച്ചു. "അതൊരു ശിക്ഷയല്ല" എന്നു പറഞ്ഞുകൊണ്ട് ദേവദാസ് ഗാന്ധി അവരെ ആശ്വസിപ്പിക്കാൻ നോക്കി. "അദ്ദേഹത്തിന്റെ ദൗത്യം, എല്ലാററിലും വെച്ച് അവസാനത്തെ ദൗത്യം, നിർവ്വഹിക്കുകയെന്നത് അഭിമാനാവഹമായ ഒരവകാശമാണ്." ബാപ്പുവിന്റെ സ്വഭാവമാണ് അത്. ആർക്കൊക്കെ അദ്ദേഹം കൂടുതൽ നൽകിയോ അവരിൽ നിന്നു കൂടുതൽ കൂടുതൽ ആവശ്യപ്പെടുകയെന്നത്.


അദ്ദേഹത്തിന്റെ നിശ്ചയവും ശോകമയവും, അപാരമായ ശാന്തിയും കരുണയും സഹിഷ്ണുതയും വഴിഞ്ഞൊഴുകുന്നതുമായ, ആ മുഖത്തേക്കുതന്നെ ഉററു നോക്കിക്കൊണ്ടിരിക്കേ, കണ്ണഞ്ചിക്കുന്ന സ്വപ്നങ്ങളോടും ശോഭനമായ പ്രത്യാശകളോടും കൂടി കോളേജിൽ നിന്നു പുറത്തു വന്ന് അദ്ദേഹത്തിന്റെ കാൽക്കൽ ഇരുന്നതിന്ന് ശേഷമുണ്ടായ ആ 28 വഷത്തെ നിസ്തന്ദ്രമായ സാമീപ്യവും സമ്പക്കവും മിന്നൽ വേഗത്തിൽ എന്റെ മനസ്സിലൂടെ പാഞ്ഞുപോയി. സംഭവങ്ങൾ ബഹുലമായ എന്തുമാത്രം വഷങ്ങൾ!



സ്വിററ്സർലണ്ടിലെ ഒലിമ്പിക്കു മത്സരത്തിൽ പങ്കെടുക്കുവാനുള്ള ഷേർലി ആഡംസ് ആദിയായവർ പരിശീലനം നടത്തുന്ന രംഗം.

നടന്ന സംഭവത്തിൻെറ അത്ഥത്തെപ്പററി ഞാൻ ആലോചിച്ചു. എനിക്ക തല ചുററുന്നതുപോലെ തോന്നി. ക്രമേണ ആ വിഷമ പ്രശ്നത്തിൻെറ കെട്ടുകഠം അഴിയുന്നതായും കാര്യങ്ങഠം കൂടുതൽ സ്പഷ്ടമാകുന്നതായും എനിക്ക തോന്നി. ഒരാളെങ്കിലും അയാളുടെ കൃത്യം ശരിയായും പൂണ്ണമായും നിർവ്വഹിച്ചാൽ മതിയെന്ന് അദ്ദേഹം മുമ്പു പറഞ്ഞതിൻെറ അത്ഥമെന്തായിരിക്കുമെന്ന് ഞാൻ ആശ്ചര്യപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ മരണം അതിനുള്ള ഉത്തരം നൽകി. മുമ്പ് ഉപവാസക്കാലത്ത് അദ്ദേഹം ഞങ്ങളോടെല്ലാം ജാഗ്രതയായിരിക്കാനും പ്രാത്ഥിക്കാനും പറഞ്ഞിരുന്നു. "അച്ഛൻ കൂടെയുള്ളപ്പോഠം കുട്ടികഠം കളിക്കുകയും ഓടിനടക്കുകയും വേണം," എന്നാണ് ഇത്തവണ അദ്ദേഹം പറഞ്ഞത്. ഞാൻ പോയാൽ പിന്നെ ഞാൻ ചെയ്യുന്നതെല്ലാം അവർ ചെയ്തുകൊള്ളും. ഇന്ന് രാജ്യത്തെ വലയം ചെയ്യുന്ന തീജ്വാലകളെ കെട്ടത്തിക്കളയണമെങ്കിൽ, അദ്ദേഹം നേടിത്തന്ന സ്വാതന്ത്ര്യം അദ്ദേഹം അത് ആക്ക് വേണ്ടിയാണോ ഉദ്ദേശിച്ചിട്ടുള്ളത് അവക്ക് അനുഭവപ്പെടണമെങ്കിൽ, വേണ്ട ഏകമാഗ്ഗം തൻെറ മരണംകൊണ്ട് അദ്ദേഹം ചൂണ്ടിക്കാണിച്ചു തന്നിരിക്കുന്നു.

—൪൦൪—



ഇംഗ്ലണ്ടിൽ നിർമ്മിതമായ ഒരു ബസ്സ് അർജൻററീനിയായിലേക്ക് അയയ്ക്കുവാൻ കപ്പലിൽ കയററുന്നു.

ഏകാങ്കം

# അമ്മ

( പി. ജെ. ആൻററണി. )

( ഒരു മുറി )

(ഒരു മേശ; രണ്ടുമൂന്നു കസേരകഠം; മേശപ്പുറത്ത് ധാരാളം പുസ്തകങ്ങഠം. ഭാസ്കർ ഒരു പത്രം വായിച്ചുകൊണ്ടിരിക്കുന്നു. അയാഠംക്ക് ഇരുപത്തിനാലു വയസിൽ കവിയുകയില്ല. വേഷം ഫുഠം സൂട്ട്. കുറേ കഴിഞ്ഞു് ഒരു ഭാഗത്തായി ഒരു ഭിക്ഷക്കാരി പ്രവേശിക്കുന്നു. ഉദ്ദേശം നാല്പത്തിയഞ്ചു വയസ്സു പ്രായം. മുടി പാറിപ്പറന്നു കിടക്കുന്നു. കീറിപ്പറിഞ്ഞ വസ്ത്രങ്ങഠം. ഭാസ്കർ അവരെക്കണ്ടു് ഞെട്ടിയെഴുന്നേൽക്കുന്നു.)

ഭാസ്കർ:— (അമ്പരപ്പോടും വെറുപ്പോടും കൂടെ) നിങ്ങഠം ഇവിടെയും വന്നു?

ഭിക്ഷക്കാരി:— (കരഞ്ഞുകൊണ്ടു്) അതേ മകനേ,

ഭാ:— എന്തുകൊണ്ടു്?

ഭി:— നീ എൻെറ മകനായതുകൊണ്ടു്.

ഭാ:— ഞാൻ നിങ്ങളുടെ ആരുമല്ല.

ഭി:— എൻെറ ഹൃദയം അതു സമ്മതിക്കുകയില്ല.

ഭാ:— നിങ്ങളുടെ ഹൃദയവുമായിട്ട് എൻെറ മുൻപിൽ നിന്നു പോകൂ; ഹൃദയം!

ഭി:— ഞാൻ നിൻെറ മുൻപിൽ നിന്നു പോകാം; നീ എന്നെ അമ്മേ, എന്ന് ഒന്നു വിളിക്കാമെങ്കിൽ.

ഭാ:— ആ കാലം കഴിഞ്ഞുപോയി. ഇനി നിങ്ങഠം എന്നിൽ നിന്ന് ആ വിളി പ്രതീക്ഷിക്കേണ്ട. എനിക്കും നിങ്ങഠംക്കും തമ്മിൽ യാതൊരു ബന്ധവുമില്ല.

ഭി:— അതിനുതക്ക കുററം ഞാൻ എന്തു ചെയ്തു മകനേ?

ഭാ:— നിങ്ങഠം ചെയ്തതു് കുററമല്ലെങ്കിൽ പിന്നെ ഏതാണ് കുററം?

ഭി:— നീ എന്നെ വിശ്വസിയ്ക്കുകയില്ലേ?

ഭാ:— എങ്ങിനെ?

ഭി:— നിനക്കെന്താണറിയേണ്ടതു്?

ഭാ:— എനിയ്ക്കു പഠിയ്ക്കാൻ ധനസഹായം ചെയ്തിരുന്ന ആ ആഠം ആരാണ്?

ഭി:— നിൻെറ അച്ഛൻെറ ഒരു സ്നേഹിതൻ.

ഭാ:— അയാഠംക്കും നിങ്ങഠംക്കും തമ്മിലുണ്ടായിരുന്ന ബന്ധം?

ഭി:— ഒരു ബന്ധവുമില്ലായിരുന്നു.

ഭാ:— പിന്നെ വെറുതേയാണോ അയാൾ എനിക്കുവേണ്ടി ഇത്ര മാത്രം പണം ചിലവഴിച്ചിരുന്നത്?

ഭി:— നിൻെറ അച്ഛൻ മരണസമയത്ത് അദ്ദേഹത്തോടു ചെയ്ത ഒരപേക്ഷയാണ് അതിനു കാരണം.

ഭാ:— (അവജ്ഞയോടെ) ഓണം വരാനൊരു മൂലം; അല്ലേ?

ഭി:— (കരഞ്ഞു കൊണ്ട്) എൻെറ സത്യം ഈശ്വരനു മാത്രം അറിയാം. നീ നാട്ടുകാർ പറയുന്നതു കേട്ടു വിശ്വസിച്ചു.

ഭാ:— അതു വിശ്വസിക്കാതിരിക്കാൻ മാത്രം ഞാൻ അത്രയ്ക്കു മഠയനായിരുന്നില്ല. നാട്ടിലുള്ള അചേതന വസ്തുക്കൾ പോലും എന്നെ പരിഹസിയ്ക്കാൻ തുടങ്ങിയപ്പോൾ ഞാൻ നാടു വിടേണ്ടി വന്നു.

ഭി:— മകനേ, ഭാസ്കരാ.

ഭാ:— (കോപത്തോടെ) മതി; പോകൂ ഇറങ്ങി. എൻെറ സ്നേഹിതന്മാരാരെങ്കിലും ഇപ്പോൾ കയറി വന്നാൽ ഞാൻ ഈ സ്ഥലവും വിടേണ്ടി വരും.

ഭി:— എൻെറ ആഗ്രഹം നിറവേറിയതിനു ശേഷം ഞാൻ പൊയ്ക്കൊള്ളാം മകനേ;

ഭാ:— നിങ്ങളുടെ ആഗ്രഹവും നിങ്ങളും; ആ ആഗ്രഹം നിറവേറുമെന്ന് നിങ്ങൾ സ്വപ്നത്തിൽ പോലും കരുതേണ്ട.

ഭി:— നീ എന്നെ അമ്മേ, എന്ന് ഒന്നു വിളിയ്ക്കുകയില്ലേ?

ഭാ:— എൻെറ നിഘണ്ടുവിൽ അങ്ങിനെയൊരു വാക്കില്ല. എന്നെ സംബന്ധിച്ചിടത്തോളം ശപിയ്ക്കപ്പെട്ട ഒരു വാക്ക്.

ഭി:— ഈശ്വരാ, ഞാൻ ജനിക്കാതിരുന്നെങ്കിൽ! (കരയുന്നു)

ഭാ:— നിങ്ങൾ എന്നെ പ്രസവിക്കാതിരുന്നെങ്കിൽ!

ഭി:— ഭാസ്കരാ,

ഭാ:— പോകാനല്ലേ പറഞ്ഞത് നിങ്ങൾ കാരണം എനിക്കെന്തു നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്? എത്ര സ്ഥലങ്ങളിൽ നിന്ന് ഞാൻ ജോലി ഉപേക്ഷിച്ചു പോകേണ്ടിവന്നു! ഞാൻ പോയ സ്ഥലങ്ങളിലൊക്കെ ഒരു പിശാചിനെപ്പോലെ നിങ്ങൾ എന്നെ പിൻതുടർന്നു. ഇതു നാലാമത്തെ സ്ഥലമാണ്; ഇവിടെയും നിങ്ങൾ വന്നെത്തി. എന്നെ ഇവിടുന്നും ഓടിക്കാനാണോ നിങ്ങൾ ശ്രമിക്കുന്നത്.

ഭി:— ഞാൻ നിന്നോടെത്രതവണ പറഞ്ഞു; നീ എന്നെ അമ്മേയെന്ന് ഒരു പ്രാവശ്യം വിളിക്കാമെങ്കിൽ മേലിൽ ഒരിക്കലും ഞാൻ നിൻെറയടുക്കൽ വരികയില്ലെന്ന്. നീയും മറ്റുള്ളവരും പറയുന്നതുപോലെ തന്നെ ഞാൻ ഒരു കൊള്ളരുതാത്തവളാണെന്നിരിക്കട്ടെ; ഞാൻ നിൻെറ ആരുമല്ലെന്നിരിക്കട്ടെ; വെറും രണ്ടക്ഷരങ്ങൾ ഉച്ചരിക്കുന്നതിന് നിനക്കു വല്ല ബുദ്ധിമുട്ടുമുണ്ടോ?

ഭാ:— അങ്ങിനെ വെറും രണ്ടക്ഷരങ്ങൾ കേൾക്കുന്നതുകൊണ്ട് നിങ്ങൾക്കുള്ള ഗുണം?

ഭി:— ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത ഒന്ന് സംഭ




പ്ലാസ്റ്റിക്കു കൊണ്ട് മനോഹരമായ തുണിത്തരങ്ങൾ ഉണ്ടാക്കി വരുന്നുണ്ട്. ഒരു ആസനത്തെ ആവരണം ചെയ്തിരിക്കുന്ന മനോഹരമായ തുണി ഈ വനിത നനഞ്ഞ ശീലകൊണ്ട് വൃത്തിയാക്കുന്ന ചിത്രമാണ് കൊടുത്തിരിക്കുന്നത്.

വിച്ചെങ്കിൽ മാത്രമേ നിനക്കതു മനസ്സിലാക്കുവാൻ സാധിക്കയുള്ളു,

ഭാ:— അതെന്താണ്?

ഭി:— നീ ഒരമ്മയാകണം.

ഭാ:— നിങ്ങൾക്കു ഭ്രാന്താണ്.

ഭി:— നീ അതു പറയണം.

ഭാ:— ഞാൻ തന്നെയാണ് അതു പറയേണ്ടതു്.

ഭി:— അതെ; (ഗദ്ഗദത്തോടെ) പത്തുമാസം എന്റെ വയററിൽക്കിടന്ന നീ......

ഭാ:— അതെന്റെ കുററമല്ല

ഭി:— ഭാസ്കരാ, ഞാൻ നിന്നെ പ്രസവിച്ചവളാണെന്നെങ്കിലും നീ ഓക്കണം.

ഭാ:— നിങ്ങളോടു ഞാൻ പറഞ്ഞോ എന്നെ പ്രസവിക്കാൻ?

ഭി:— ശരി, നിന്നെ പ്രസവിച്ചുവെന്നുള്ളതാണ് ഞാൻ ചെയ്ത ഏററവും വലിയ കുററം; അല്ലേ? (കരയുന്നു)

ഭാ:— (വലിയ ഈഷ്യയോടെ) നിങ്ങൾ ഇറങ്ങിപ്പോകുന്നോ ഇല്ലയോ?

ഭി:— ലോകത്തിലുള്ളതിൽ ഏററവും വലിയ ബന്ധം ഒരമ്മയ്ക്കു് തന്റെ മകനോടുള്ള ബന്ധമാണെന്ന് നീ അറിയുന്നില്ല

ഭാ:— അത്രയ്ക്കു വലിയ ഒരു ബന്ധമാണ് ഒരമ്മയ്ക്കു് മകനോടുള്ളതെങ്കിൽ, ഒരു മകന്റെ മാനം രക്ഷിയ്ക്കുവാൻ ഏററവും ഉത്തരവാദപ്പെട്ട വ്യക്തി അവന്റെ അമ്മ തന്നെ ആയിരിക്കണം.

ഭി:— ഭാസ്കരാ, മകനേ, നിന്റെ മാനം കളയാൻ ഈ അമ്മ ഒരിക്കലും ശ്രമിച്ചിട്ടില്ല; അങ്ങിനെ മനസ്സിൽ കരുതുകപോലും ചെയ്തിട്ടില്ല. നിന്റെ അച്ഛൻ മരിച്ചതിനു ശേഷം എന്നിൽ ഏതെങ്കിലും ഒരാഗ്രഹം ശേഷിച്ചിരുന്നുവെങ്കിൽ അതു്, നിന്നെ ഒരു ഉയന്ന നിലയിൽ കാണണമെന്നുള്ളതു മാത്രമായിരുന്നു.

ഭാ:— നിങ്ങളുടെ കൊള്ളരുതായ്മകൾ ആരും കാണാതിരിയ്ക്കാനുള്ള മറയായിട്ടാണ് നിങ്ങൾ എന്നെ കണക്കാക്കിയതു്; പക്ഷേ, അതൊരു വിടവില്ലാത്ത മറയല്ലാതിരുന്നതുകൊണ്ടു്, കുറേക്കാലം കഴിഞ്ഞപ്പോൾ സത്യം ഗ്രഹിക്കുവാൻ ലോകത്തിനു കഴിഞ്ഞു.

ഭി:— (അസഹനീയമായ ഹൃദയവേദനയോടെ)നീ പറയുന്ന രീതിയിലായിരുന്നുവെങ്കിൽ, നീ പോകുന്നിടത്തൊക്കെ, ഈ വിധത്തിൽ ഞാൻ നിന്നൊത്തിരക്കിവരുമോ?

ഭാ:— നിങ്ങൾക്ക് മറെറാരു ജീവിത മാഗ്ഗവും ഇല്ലാതെ വന്നപ്പോൾ, ഇതു മാത്രമേ ഇനിയൊരു വഴിയുള്ളുവെന്ന് നിങ്ങൾ തീരുമാനിച്ചു. അയാൾ മരിയ്ക്കാതിരുന്നെങ്കിൽ കാണാമായിരുന്നു നിങ്ങൾ എന്നൊത്തിരക്കി വരുമായിരുന്നോ എന്ന്.

ഭി:— തീച്ചയായും വരുമായിരുന്നു.

ഭാ:— (നിന്ദാസൂചകമായി ചിരിച്ചുകൊണ്ടു്) വരുമായിരുന്നു; അല്ലേ? നിങ്ങൾ മനഃസാക്ഷിയോടുകൂടിയാണോ ഈ പറയുന്നതു്? ഞാൻ നാടുവിട്ടതിനുശേഷം ആറുമാസം കൂടി അയാൾ ജീവിച്ചിരുന്നെങ്കിൽ അതറിയാമായിരുന്നു.

ഭി:— അതു തന്നെയാണ് എനിക്കും പറയാനുള്ളതു്. അദ്ദേഹം ഒരു മാസം കൂടി ജീവിച്ചി




പാകം ചെയ്ത ആഹാര സാധനങ്ങൾ കേടുവരാതെ സൂക്ഷിക്കുവാൻ വേണ്ടി അതിശൈത്യമുള്ള ചെറിയ പാത്രങ്ങളിൽ സൂക്ഷിക്കുന്ന ഒരേപ്പാടു് അമേരിക്കയിൽ എല്ലാ ഭവനങ്ങളിലും പ്രയോഗത്തിൽ വന്നിട്ടുണ്ടു്. ചിത്രത്തിൽകാണുന്ന ഈ വനിത അവരുടെ പാകം ചെയ്ത ആഹാര സാധനങ്ങൾ മേൽപ്രകാരം സൂക്ഷിക്കുന്ന ചിത്രമാണ്.



1. ന്യൂയോക്കിലെ പബ്ളിക്ക് ലൈബ്രറി



3. നിരന്തരമായ ഉപയോഗം കൊണ്ടു് കേടു വന്നിട്ടുള്ള പുസ്തകങ്ങൾ ബയൻറു ചെയ്യുന്നതിന് ഒരു പ്രത്യേക വകുപ്പു തന്നെ ഈ ഗ്രന്ഥശാലയിൽ ഉണ്ടു്. അപ്രകാരമുള്ള പുസ്തകങ്ങൾ ബയൻറു ചെയ്യുന്ന ചിത്രമാണിതു്.



2. ഈ ഗ്രന്ഥശാലയിൽ സന്ദർശനം നടത്തുന്നവരുടെ സൌകര്യാർത്ഥം വേണ്ടതു ചെയ്യുന്നതിന് 700 ഉദ്യോഗസ്ഥന്മാരാണുള്ളതു്. അവരിൽ ഒരാൾ പുസ്തകമെടുക്കുന്ന ചിത്രം.



4. ഈ ഗ്രന്ഥശാലയിലുള്ള പുസ്തകാലമാരികൾ ഒന്നൊന്നായി വച്ചാൽ 80 മൈൽ നീളം വരുന്നതാണു്. പ്രധാന കെട്ടിടത്തിൽ തന്നെ 47 ലക്ഷം ഗ്രന്ഥങ്ങൾ ഉണ്ടു്. അവയെ വിഷയാനുസൃതം എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനു വേണ്ടി "കാർഡു സിസ്റ്റം" ഏർപ്പെടുത്തിയിട്ടുണ്ടു്. അപ്രകാരമുള്ള കാർഡുകൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന അനേകം ഡ്രോയറുകളുടെ ചിത്രമാണിതു്.



ഈ ഗ്രന്ഥശാലയുടെ പുറത്തുള്ള മനോഹരമായ പുഷ്പവാടികളിൽ (സന്ദർശകന്മാക്ക്) ഇരുന്നു വായിക്കുവാനുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ വായനാ നിരതരായിരിക്കുന്നവരുടെ ചിത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നതു്.

---

രുന്നെങ്കിൽ എൻെറ നില വ്യക്തമാക്കുവാൻ എനിക്കു് യാതൊരു വിഷമവുമുണ്ടാകുമായിരുന്നില്ല. (തൊണ്ട ഇടറുന്നു) എന്നെപ്പോലെ ഒരു ഭാഗ്യം കെട്ടവൾ ഇനി ജനിക്കാതിരിക്കട്ടെ. (കരയുന്നു)

ഭാ:— അയാൾ മരിച്ചതാണ് നിങ്ങൾ ഭാഗ്യം കെട്ടവളാകാനുള്ള കാരണം; അല്ലേ?

ഭി:— അതെ.

ഭാ:— (വെറുപ്പോടെ) അതെ!

ഭി:— മകനേ, ഞാൻ പറയുന്നതു നീ വിശ്വസിക്കുകയില്ലേ?

ഭാ:— ഞാനൊരു കഴുതയല്ല.

ഭി:— ഞാനിനി ഏതു രീതിയിലാണ് നിന്നോടു പറയേണ്ടതു്? എന്താണു പറയേണ്ടതു്?

ഭാ:— നിങ്ങൾ ഒന്നും പറയേണ്ട; ഇറങ്ങിപ്പോയാൽ മതി.

ഭി:— (പതറിയ സ്വരത്തിൽ) നീ എന്നെ അമ്മേയെന്നു്......

ഭാ:— ( കോപത്തോടെ ) പോകാനല്ലെ പറഞ്ഞതു്?

ഭി:— (കുറേ നേരം ചിന്തിച്ചുകൊണ്ടു് നില്ക്കുന്നു. കണ്ണുകളിൽ നിന്നു് കണ്ണുനീർ ഒഴുകുന്നു) ഞാൻ എങ്ങോട്ടാണു പോകേണ്ടതു്?

ഭാ:— എവിടെയെങ്കിലും പോയിത്തുലയു.

ഭി:— എനിക്കു പോകാൻ വേറെ ഒരിടവുമില്ല

ഭാ:— (പല്ലുകൾ ഞെരിച്ചുകൊണ്ടു്) നിങ്ങളോടു് പോകാനാണു പറഞ്ഞതു്. എന്നെ ഇവിടെയും താമസിപ്പിക്കുകയില്ലേ? ഇതെന്തൊരു നാശമാണു്.

ഭി:— (പതുക്കെ മുഖമുയർത്തി മേലോട്ടു നോക്കിയിട്ടു്) ദൈവമേ, ഞാൻ എന്തുകൊണ്ടിതേവരെ മരിച്ചില്ല?

ഭാ:— അതു നിങ്ങളുടെ കുററം തന്നെയാണു്.

ഭി:— ഏതു്?

ഭാ:— നിങ്ങൾ ഇതേവരെ മരിക്കാതിരുന്നതു്.

ഭി:— അതുമൊരു തെററാണു്; അല്ലേ?

ഭാ:— തീർച്ചയായിട്ടും. (കുറേ കഴിഞ്ഞു്) നിങ്ങൾക്കതു് ഇനിയും ചെയ്യാവുന്നതാണു്

ഭി:— (പൊട്ടിക്കരഞ്ഞുകൊണ്ടു്) അപ്പോൾ ഞാൻ മരിക്കണം!

ഭാ:— നിങ്ങൾക്കു ചെയ്യാവുന്നതിൽ ഏററവും നല്ല പ്രവൃത്തി അതായിരിക്കും.

(ഭാസ്കർ മറെറാരു ഭാഗത്തേയ്ക്കു മുഖം തിരിച്ചു് ചിന്താധീനനായി നില്ക്കുന്നു. അയാളുടെ മുഖത്തു് അസാമാന്യമായ കോപവും വെറുപ്പും കളിയാടുന്നു. ഭിക്ഷക്കാരി ഭാസ്കരനെ വളരെ നേരം ദയനീയമായി നോക്കിക്കൊണ്ടു നില്ക്കുന്നു. അവരുടെ കണ്ണുകളിൽനിന്നു് വെള്ളം ധാരധാരയായി ഒഴുകുന്നു. അനന്തരം ഒരു വികൃതമായ ചിരി—ശബ്ദമില്ലാതെ—ചിരിച്ചതിനു ശേഷം തിരിഞ്ഞു നടന്നു മറയുന്നു. അവർ പോകുന്നതു് ഭാസ്കർ അറിയുന്നില്ല. കുറേ കഴിഞ്ഞു് അയാൾ ഭിക്ഷക്കാരി നിന്നിരുന്നിടത്തേക്കു തിരിഞ്ഞു നോക്കുന്നു; അവർ എങ്ങോട്ടു പോയെന്നറിയാനെന്നപോലെ കുറേ നേരം പുറത്തേക്കു് നോക്കിക്കൊണ്ടു നില്ക്കുന്നു. കണ്ടില്ലെന്നു മുഖഭാവത്തിൽ നിന്നു മനസ്സിലാക്കാം. നാളിതുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു ഭയങ്കര വികാരം അയാളെ പിടികൂടുന്നു. അമ്പരന്നിട്ടെന്നപോലെ ചുററും നോക്കുന്നു. അനന്തരം ഒരു ഭാഗത്തേക്കു തന്നെ നോക്കി സ്തംഭിച്ചു നിന്നു പോകുന്നു. അല്പ സമയം കഴിഞ്ഞു് ഒരു വേലക്കാരൻ ചായയുംകൊണ്ടു വരുന്നു.)

വേലക്കാരൻ:— സാറേ, ചായ.

(ഭാസ്കർ അതു കേൾക്കുന്നില്ല.)

വേല:— സാറേ, ദാ, ചായ; സാറേ,

(ഭാസ്കർ ഒന്നുമറിയാതെ നില്ക്കുന്നു)

വേല:— (ഉറക്കെ) സാറേ—സാറേ,

ഭാ:— (പെട്ടെന്നു് അവനെ നോക്കിയിട്ടു് കോപത്തോടെ) കൊണ്ടുപോടാ അവിടുന്നു്.

(വേലക്കാരൻ ഭയത്തോടെ ചായയുമായി മടങ്ങിപ്പോകുന്നു.)

(ഭാസ്കർ വീണ്ടും പഴയപടി നില്ക്കുന്നു. കുറേ കഴിഞ്ഞു് അയാളുടെ ഒരു സ്നേഹിതൻ പ്രവേശിക്കുന്നു. ഭാസ്കർ അയാളെ കാണുന്നില്ല. സ്നേഹിതൻ

അയാളുടെ പുറകിൽ വന്ന് അയാളുടെ നിൽപ്പു നോക്കിക്കൊണ്ട് കുറേ നേരം നിൽക്കുന്നു.)

സ്നേഹി:— (ഭാസ്കറിൻെറ തോളിൽ കൈ വച്ചിട്ട് അത്ഭുതം കലന്ന സ്വരത്തിൽ) എന്താ മിസ്റ്റർ ഭാസ്കർ ഇങ്ങിനെ നിൽക്കുന്നത്?

ഭാ:— (പെട്ടെന്ന് തിരിഞ്ഞു നോക്കിയിട്ട്) ഒന്നുമില്ല.

സ്നേ:— ഒന്നുമില്ലേ? പിന്നെയെന്താ ഒരു വല്ലാത്ത മട്ട്? എന്തുപററി?

ഭാ:— (വിഷമങ്ങൾ ഉള്ളിലൊതുക്കുവാൻ പണിപ്പെട്ടുകൊണ്ട്) ഒന്നും പററിയില്ല. (ചിരിക്കാൻ ശ്രമിക്കുന്നു.)

സ്നേ:— എന്തോ സംഭവിച്ചിട്ടുണ്ട്. വീട്ടിലെ വിശേഷങ്ങൾ വല്ലതുമറിഞ്ഞോ? ആരെങ്കിലും ഇന്നിവിടെ വന്നിരുന്നോ?

ഭാ:— (ഓമ്മ നശിച്ചവനെപ്പോലെ) ഹേയ്; അവരെൻെറ ആരുമല്ല.

സ്നേ:— (അത്ഭുതത്തോടെ) ആര്?

ഭാ:— ഇന്നിവിടെ വന്ന......(അബദ്ധമാണ് പറയുന്നതെന്ന് ഓമ്മ വന്നിട്ട്) അല്ല; ഒന്നുമില്ല.

സ്നേ:— ഇതു നല്ല നേരമ്പോക്കായിരിക്കുന്നു. നിങ്ങളുടെ മനസ്സിനെന്തോ തകരാർ തട്ടിയിട്ടുണ്ട്. (ആലോചിച്ചിട്ട്) ആട്ടെ; നിങ്ങളിവിടെയിരിക്കു. (ഭാസ്കറിനെ പിടിച്ച് ഒരു കസേരയിൽ ഇരുത്തിയിട്ട്) അടുത്തു കിടക്കുന്ന കസേരയിൽ അയാളും ഇരിക്കുന്നു.)

ഭാ:— ഞാൻ കുറേ കൊല്ലങ്ങൾക്കു മുൻപു കഴിഞ്ഞ ഒരു സംഭവത്തെപ്പററി ഓത്തുപോയി.

സ്നേ:— കുറേ കൊല്ലങ്ങൾക്കു മുൻപു കഴിഞ്ഞതല്ലേ? ഇപ്പോഴും അതിനെപ്പററിയോത്തു ഇങ്ങനെ വിഷമിക്കാനുണ്ടോ? അത്രയ്ക്കു ഭയങ്കരമായിരുന്നോ അത്? അതെന്താണെന്ന് ഞാനും കൂടി അറിഞ്ഞിരിക്കുന്നതിൽ വല്ല പിശകുമുണ്ടോ?

(വികാരങ്ങൾ ഭാസ്കറിനെ വല്ലാതെ കുഴക്കുന്നു. അയാൾ അതു ഗോപനം ചെയ്യാൻ പണിപ്പെടുന്നു.)

സ്നേ:— പറയാൻ വല്ല വിഷമവുമുള്ളതാണെങ്കിൽ വേണ്ട; വെറുതേ കഴിഞ്ഞുപോയ കാര്യങ്ങളോത്ത് മനസ്സു പുണ്ണാക്കേണ്ട ആവശ്യമില്ല. (കുറേ കഴിഞ്ഞു) ഇന്നത്തെ പേപ്പർ വന്നില്ലേ?

ഭാ:— (ഒട്ടു സമാധാനം ലഭിച്ചവനെപ്പോലെയായിട്ട്) ഇല്ല.

സ്നേ:— ആങ്- ഞാൻ ഇങ്ങോട്ടു വരുന്ന വഴിയ്ക്ക് ഒരു ഭയങ്കര സംഭവം കണ്ടു ഭാസ്കർ;

ഭാ:— (ജിജ്ഞാസയോടെ) എന്താണ്?


സ്നേ:— ഞാൻ റെയിലിനടുത്തുള്ള വഴിയിൽ കൂടിയാണ് ഇങ്ങോട്ടു വന്നത്. വടക്കു നിന്ന് ട്രെയിൻ വരുന്നുണ്ടായിരുന്നു. എന്നിൽനിന്ന് കുറച്ചകലെയായി ഒരു ഭിക്ഷക്കാരി നിൽപുണ്ടായിരുന്നു. വണ്ടി വന്നടുത്തപ്പോൾ അവർ അതിൻെറ മുൻപിലേയ്ക്കെടുത്തു ചാടി.

ഭാ:— (പെട്ടെന്ന് ഭ്രാന്തനെപ്പോലെ ചാടിയെഴുന്നേററിട്ട് ഉറക്കെ) അയ്യോ! എൻെറ അമ്മ! എൻെറ അമ്മ!! അമ്മേ!!!

(ഭാസ്കർ ബോധം കെട്ടു താഴെ വീഴുന്നു. സ്നേഹിതൻ പരിഭ്രാന്തനായി ഉറക്കെ "ഭാസ്കർ" എന്നു വിളിച്ചുകൊണ്ട് അയാളുടെ അടുക്കലേക്ക് ഓടിച്ചെല്ലുന്നു.)

(കർട്ടൻ)

---



പ്ലാസ്റ്റിക്കു കൊണ്ടുണ്ടാക്കിവരുന്ന വിവിധങ്ങളായ സാധന സാമഗ്രികളുടെ പ്രചാരം വദ്ധിച്ചുവരുന്ന കാലമാണിത്. പ്ലാസ്റ്റിക്കു കൊണ്ടുള്ള പലകമേൽ കയറി നില്ക്കുന്ന ഈ യുവതിയുടെ കൈയ്യിലുള്ള പെട്ടികളിൽ ഈ പദാത്ഥം കൊണ്ടുതന്നെ ഉണ്ടാക്കപ്പെട്ടിട്ടുള്ള സാധനങ്ങളാണ്. അവ കോക്കിനേക്കാൾ ഘനം കുറവായതുകൊണ്ട് വഹിക്കുവാൻ പ്രയാസം കുറഞ്ഞതാണെന്നു കാണിക്കുന്നതാണ് ഈ ചിത്രം.

# * സാഹിത്യചിന്തയും കാലപരിഗണനയും

( എം. കെ. ഭാസി )


ഒരു കൃതിയേയോ, സാഹിത്യ വിഭാഗത്തേയോ പററി പരിചിന്തനം ചെയ്യുമ്പോൾ ഓർത്തിരിക്കേണ്ടൊരു കാര്യമുണ്ട്: അതിന്റെ കാലം ഏതു പരിതഃസ്ഥിതിയിൽ, ഏതു കാലത്താണ് അതിന്റെ ആവിർഭാവം എന്നു ചിന്തിച്ചിരിക്കേണ്ട ഭാരം ഒരു നിരൂപകനു തീച്ചയായുമുണ്ട്. സാധാരണയായി നിരൂപകർ അവലംബിക്കുന്നതു മൂന്നു മാർഗ്ഗങ്ങളാണ്. വിമർശനത്തിനു വിധേയമായ കൃതികൾ അവയെ വിമർശിക്കുന്ന ആളിനുവേണ്ടി രചിച്ചതാണെന്നു ഭാവിച്ച് അവയെപ്പററി സ്വന്തം അഭിപ്രായങ്ങൾ പറയുന്നതാണ് ഒന്നാമത്തെ മാർഗ്ഗം. ആധുനികരായ വിമർശകക്കു വേണ്ടിയാണ് കവി അവയെ രചിച്ചതു് എന്നു ഭാവിച്ച് നിരൂപണം ചെയ്യുന്ന രണ്ടാമത്തെ മാർഗ്ഗത്തിനാണ് കാലാത്മകമാർഗ്ഗം (Zeitgeist) എന്നു പറയുന്നതു്. മൂന്നാമത്തേതു്, ഉത്തമവുമായ മാർഗ്ഗമാണ് ചരിത്രമാർഗ്ഗം. നിരൂപണ വിഷയമായിട്ടുള്ള കവിയുടേയും, അദ്ദേഹത്തിന്റെ സമകാലീനരുടേയും മനഃസ്ഥിതി മനസ്സിലാക്കി അതിനെ ആസ്പദമാക്കിയുള്ള നിരൂപണമാണിതു്. കാലപരിഗണന കൃതിയുടേയും കവിയുടേയും പശ്ചാത്തലമാണ്. അതിൽനിന്നും വേർ പെടുത്തിയുള്ള നിരൂപണം എന്നും അപൂർണ്ണമായിരിക്കാനേ തരമുള്ളു. പശ്ചാത്തല സംഗീതം പാട്ടുകച്ചേരിക്കെന്നപോലെയാണ് സമകാലീനാവസ്ഥയെപ്പററിയുള്ള പരിചിന്തനം നിരൂപണത്തിന്.

വടക്കൻ പാട്ടുകളുടെ കാര്യം കാല പരിഗണന എത്രത്തോളം ആവശ്യമാണെന്നുള്ളതിന് നല്ലൊരുദാഹരണം തരുന്നുണ്ട്. ഗാന പ്രധാനമായ വടക്കൻ പാട്ടുകൾ നമ്മുടെ സാഹിത്യത്തിന്റെ വിലയേറിയൊരേടായി ഇന്ന് സർവ്വത്ര അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്തുകൊണ്ടാണതു്.?

‘വൃത്തവ്യവസ്ഥയി,ല്ലക്ഷരവ്യക്തിയി-
ല്ലർത്ഥാപ പത്തിയില്ലെന്നാകിലും,
ആരാരെക്കോൾമയിർക്കൊള്ളിക്കില്ലിഗ്ഗീത—
മാരോമൽപൈങ്കിളിക്കൊഞ്ചൽപോലെ’.


എന്ന വരികളിൽ കൂടി മഹാകവി അതിനുള്ള കാരണം പറയുന്നുണ്ട്. വൃത്തവ്യവസ്ഥയോ, അക്ഷരവ്യക്തിയോ വ്യാകരണദീക്ഷയോ അല്ല; അതിന്റെ ആത്മാർത്ഥതയും ഗാനസൌന്ദര്യ്യവും, സർവ്വോപരി കാലപരിഗണനയുമാണ് അതിനുത്തരവാദികൾ.

കാളിദാസ കൃതികളെ ഇന്നു നിരൂപണം ചെയ്യുമ്പോൾ അന്നത്തെ സാമുദായികസ്ഥിതിയും, അദ്ദേഹത്തിന്റെ സമകാലീനരുടെ മനഃസ്ഥിതിയും അറിഞ്ഞിരിക്കേണ്ടതുണ്ട്. പക്ഷെ അവയെ കൂടാതെ തന്നെ കാളിദാസ കൃതികളുടെ സമുന്നതസ്ഥാനം ദർശിക്കുവാൻ നമുക്കു കഴിയുമെന്നിരുന്നാലും അതൊരപവാദമായി (exception) മാത്രം വേണം കരുതേണ്ടതു്. കാളിദാസന്റെ ജീവിതചിത്രീകരണത്തെ അധിക്ഷേപിക്കുന്നവരുണ്ട്. ജീവിതത്തിലെ മാദകമധുരമായ ഒരുവശം മാത്രം ചിത്രീകരിച്ച കാളിദാസൻ ‘ജന്മി മുതലാളി നാടുവാഴി ദുഷ്പ്രഭുത്വ’ത്തിന് കൂട്ടുനിന്നവനാണ്. രാജപ്രീതിക്കുവേണ്ടി വീണമീട്ടിയ, ആത്മാർത്ഥതയില്ലാത്ത ഗായകനാണ്. ശരിയായിരിക്കാം. പക്ഷെ അന്തഃപുരത്തിലെ പ്രീ




മുൻപറഞ്ഞ ഗ്രന്ഥശാല സന്ദർശിക്കുന്നവൎക്ക് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി ഒരു പ്രത്യേക ഉദ്യോഗസ്ഥതന്നെയുണ്ട്. അവരോട് ഒരു വായനക്കാരി നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണീചിത്രം.

അമേരിക്കയിൽ കൃഷികൾ കൊയ്തെടുക്കുന്നതിനുവേണ്ടി ഉപയോഗിച്ചു വരുന്ന ഒരു യന്ത്രം.



തിക്കും, രാജാവിന്റെ സന്തുഷ്ടിക്കും വേണ്ടി കാളിദാസൻ സൃഷ്ടിച്ച കഥാപാത്രങ്ങളെ നോക്കുക. ആ സ്തുതിഗീതങ്ങളുടെ ഇടയിലും, മൃദുലമായിട്ടെങ്കിലും, അവരുടെ പോരായ്മകളേയും കൊള്ളരുതായ്മകളേയും സ്പർശിക്കുവാൻ അദ്ദേഹം വിസ്മരിച്ചിട്ടില്ല. കാളിദാസന്റെ കാലം സമൃദ്ധിയുടെ കാലമായിരുന്നു; സുവർണ്ണകാലമായിരുന്നു. അതു കൊണ്ട് അദ്ദേഹം അതുപോലുള്ള ജീവിതങ്ങൾ ചിത്രീകരിച്ചു. അതു സങ്കുചിതത്വമല്ല; അന്നത്തെ കാലത്തിനനുസരണമായിരുന്നു എന്നു വാദിക്കുന്നവരുമുണ്ട്. രാജപ്രീതിയിൽ കഴിഞ്ഞുകൂടിയ കാളിദാസനെ സംബന്ധിച്ചിടത്തോളം ജീവിതം ഒരു മോഹന സ്വപ്നമായിരുന്നിരിക്കണം. പക്ഷെ അന്നത്തെ ലോകം സന്തുഷ്ടമായിരുന്നുവെന്നതിനു തെളിവുകളില്ല; നേരേമറിച്ച് അസന്തുഷ്ടമായിരിക്കാനാണെളുപ്പം. പോരെങ്കിൽത്തന്നെയും, മാനസികമായ അസന്തുഷ്ടിയിൽ നിന്നും ഒരു കവി മുക്തനായിരുന്നുവെന്നു പറയുന്നതു് ഏറെക്കുറെ അസംഭാവ്യമാണ്. ഒരു കവിയുടെ സ്വപ്നങ്ങൾ സമകാലീന ലോകത്തു നിന്നും ഏറെ മുന്നോട്ടു നില്ക്കുന്നവയാണ്. പഴയ പഴയ കാലത്തു പോലും, 'മാനുഷരെല്ലാരുമൊന്നുപോലെ'യാകുന്നൊരു ലോകം വിഭാവന ചെയ്യുവാൻ കവികൾക്കു കഴിഞ്ഞിരുന്നു. 'കുമ്പിനില്ക്കുന്ന പൂവല്ല, പൂക്കളിൽ തേൻ പകരുന്ന ചൈത്രത്തു'വാണ് കവി. കാളിദാസന്റെ സമകാലീനരായിരുന്ന വരരുചി പ്രഭൃതികളുടെ കൃതികളിൽ സാധാരണ ജനങ്ങളുടെ ജീവിതത്തിന്റെ ഒരുവശമെങ്കിലും ചിത്രീകരിച്ചിട്ടുള്ളതിൽ നിന്നും നാം മനസ്സിലാക്കേണ്ടതു് കാളിദാസന്റെ കാലം സംതൃപ്തിയുടെ മാത്രം കാലമല്ലായിരുന്നു എന്നാണ്. കവി, ഭാവനാജീവിയായിരിക്കുന്നതുകൊണ്ട്, കാളിദാസന്റെ ഉന്നത ജീവിത ചിത്രീകരണത്തിൽ നിന്നും നാം മനസ്സിലാക്കേണ്ടതു് അത്തരമൊരു സുഖസുന്ദരമായ ലോകമായിരിക്കാം അദ്ദേഹം വിഭാവനം ചെയ്തിരുന്നതെന്നു മാത്രമാണ്. വിപരീത ശക്തികളുടെ സംഘട്ടനമാണ് നാടകമെന്ന ഏററവും അഭിയുക്തമായ ആധുനിക ലക്ഷണത്തിനു മുമ്പിൽ കാളിദാസന്റെ കഥാപാത്രങ്ങളെ വീക്ഷിക്കുക. ആന്തരീകമായ വിപരീത ശക്തികളുടെ സംഘട്ടനത്തിൽ കൂടി കൗടില്യത്തിലേയ്ക്കും, ദുരാഗ്രഹത്തിലേയ്ക്കും തിരിയുന്ന യശഃസ്കാമം നിറഞ്ഞ ഒരു ലേഡീമാക്ബത്തിന്റേയും, സൂത്രശാലിയായ ഒരു ക്ലിയോപാട്രായുടേയും, അത്യാഗ്രഹിയായ ഒരു ഷൈലാക്കിന്റേയും, പ്രതികാര മോഹിയായ ഒരു പ്രാസ്പറോയുടേയും ഒററയ്ക്കു് ലളിതമായ ഒരു ശകുന്തളയേയും, മനോഹരിയായ ഒരു മാളവികയേയും, സ്നേഹലോലുപനായ ഒരു അജനേയും, ധീരോദാത്തനായ ഒരു ദുഷ്യന്തനേയും മാത്രമാണ് കാളിദാസന് സൃഷ്ടിക്കുവാൻ കഴിഞ്ഞതു്. എന്തൊരന്തരങ്ങൾ! അത്യുന്നതങ്ങളായ ഗുണങ്ങൾ മുതൽ അതിനീചമായ ദോഷങ്ങൾ വരെയുള്ള കഥാപാത്രങ്ങളെ ഷേക്സ്പീയർ തന്റെ നാടകങ്ങളിൽ അവതരിപ്പിക്കുന്നു. ജീവിതത്തിന്റെ വിഭിന്ന കോടികളെ കാളിദാസൻ വിസ്മരിക്കുന്നതുകൊണ്ടു തന്നെയാണ് അദ്ദേഹത്തിൽ സങ്കുചിതത്വം എന്ന ദോഷം ആരോപിക്കപ്പെടുന്നതും. കാലപരിഗണനയിൽപ്പോലും, കാളിദാസനിൽ ആരോപിതമാകുന്ന സങ്കുചിതത്വം അവഗണിക്കപ്പെടുന്നില്ല.

ഇന്നലത്തെ സാഹിത്യം, ഇന്നത്തെ ലോകത്തിന്റെ ദൃഷ്ടിയിൽ പ്രകാശിക്കുന്നില്ലെങ്കിൽ അതു് ഇന്നലത്തെ സാഹിത്യത്തിന്റെ മാത്രം കുററമല്ല. ഇന്നലത്തെ സാഹിത്യം ഇന്നത്തെ ലോകത്തിന്റെ ദൃഷ്ടിയിൽ കൂടി വീക്ഷിക്കേണ്ടതുണ്ട്. ഇന്നലത്തെ

ലോകമല്ലാ ഇന്നത്തേതു്. ഇന്നത്തേതായിരിക്കില്ലാ നാളത്തേതു്. കഴിഞ്ഞ ലോകത്തിൻെറ ആവശ്യങ്ങളും, ആവേശങ്ങളും, സാധിക്കപ്പെട്ടിട്ടുള്ളതോ, സാധിക്കപ്പെടുന്നതോ ആയ ഒരു ലോകമാണ് ഇന്നത്തേതു്. അതുകൊണ്ട് ഇന്നു പുതിയ പുതിയ ആവശ്യങ്ങളും ആവേശങ്ങളും ഉണ്ട്. അവയാണ് കലാകാരന് പ്രചോദനം നല്കുന്നതു്. ഒരുദാഹരണം പറയാം. സ്ഥിതിസമത്വത്തിനധിഷ്ഠിതമായ ഒരു നൂതന സമുദായ സൃഷ്ടിക്കുവേണ്ടിയുള്ള ആവേശം കൊള്ളലുകളാണ് ഇന്നെവിടെയും. ഇന്നത്തെ സാഹിത്യകാരന് അതിൻെറ നേരേ കണ്ണടയ്ക്കാൻ സാദ്ധ്യമല്ല. അവൻെറ പ്രചോദനം തീർച്ചയായും അതിൽ തന്നെയാണ്. പക്ഷേ നാമൊന്നു വിചാരിക്കുക: വ്യക്തിയുടമയില്ലാത്തതും, വളരുവാനും വികസിക്കുവാനും സന്ദർഭസമത്വം നല്കുന്നതും, സാമ്പത്തിക സമീകരണത്തിൽ അടിയുറച്ചതുമായ ആ നവീന വ്യവസ്ഥിതി നാളെ ഇവിടെ സ്ഥാപിതമായിക്കഴിഞ്ഞുവെന്ന്. അന്നു സോഷ്യലിസത്തിനുവേണ്ടിയുള്ള മുറവിളിയില്ല. മാവേലിക്കാലത്തിലേക്കു ലോകം തിരിച്ചു പൊയ്ക്കഴിഞ്ഞു—അഥവാ, പുരോഗമിച്ചു എന്നു തന്നെ പറയട്ടെ. അന്നത്തെ കലാകാരൻെറ നിലയെന്താണ്? 'യാതൊരു കലയുമില്ല, നിന്നേടത്തു നില്ക്കുന്നതായിട്ട് (No art stands still') എന്ന് മാണ്ട്ഗോമറി ബൽജിയൻ പറഞ്ഞതു് ഈയവസരത്തിൽ സ്മരണീയമാണ്. അന്നത്തെ ലോകത്തിൻെറ ആവശ്യങ്ങളും, ആവേശങ്ങളും വേറൊന്നായിത്തീരുന്നു. അതിലാണ് അന്നത്തെ സാഹിത്യകാരൻെറ തൂലിക മുങ്ങുന്നതു്. അയാൾ ഒരിക്കലും, ഒരു പാർട്ടിയിലും നയിക്കപ്പെടേണ്ടവനല്ല; എല്ലാ പുരോഗമന പാർട്ടികളുടേയും, മാനസിക സമരത്തെ ജയിപ്പിക്കുകയും ജനങ്ങളെ നയിക്കുകയും ചെയ്യേണ്ടവനാണ്. സാഹിത്യകാരൻ പാർട്ടിയുടെ വക്താവായി മാറിയാൽ അയാളുടെ വ്യക്തിത്വം നഷ്ടപ്പെടുന്നു. അനന്തമായ ഭാവനാ മണ്ഡലത്തിലെ വാനമ്പാടിയാണയാൾ. ('Poetry is the expression of personality') എന്ന വിമർശനം എപ്പോൾ അയാൾ വിസ്മരിക്കുന്നോ അപ്പോൾ മുതൽ അയാൾ അധഃപതിക്കുവാൻ തുടങ്ങുന്നു. അയാൾ പിന്നെ പ്രകാശമല്ല; നിഴലാണ്.

കഴിഞ്ഞ കാലത്തിൻെറയും നാളത്തെ ലോകത്തിൻെറയും ദൃഷ്ടിയിൽ ഇന്നത്തെ സാഹിത്യം മോശമായിരിക്കാം. പക്ഷേ ഇന്നത്തെ സാമുദായിക സ്ഥിതിയുമായി തട്ടിച്ചു നോക്കിയിട്ട് അതിൻെറ കുററവും കുറവും നോക്കുമ്പോൾ മാത്രമായിരിക്കും നാളത്തെ നിരൂപകൻ അതിൻെറ മാറററിയുക. നാളത്തെ വിമർശകൻ, ഇന്നത്തെ ദൃഷ്ടിയിൽ, ഇന്നത്തെ സാഹിത്യത്തെ സമീപിക്കുകയാണെങ്കിൽ മാത്രമേ അയാൾക്കു തെററു പററാതിരിക്കുവാൻ നിർവ്വാഹമുള്ളൂ.

---

* [ അവകാശങ്ങൾ ലേഖകന് ]

—:o:—



കൃഷികൾ കൊയ്തെടുക്കുന്നതിന് ഉപയോഗിക്കുന്ന വോറൊരു യന്ത്രം.

## മലബാറിൽ

### പ്രക്ഷേപണികേന്ദ്രം

അഖിലേന്ത്യാ റേഡിയോയുടെ അഷ്ടവൽസര പദ്ധതിയുടെ ഒരു ഭാഗമാണ് മലയാളം സംസാരിക്കുന്ന ഭാഗത്തെ ജനങ്ങളുടെ ആവശ്യത്തിനായി മലബാറിൽ ഒരു പ്രക്ഷേപിണികേന്ദ്രം ഏർപ്പെടുത്തുക എന്നുള്ളതാണ് ഇൻഡ്യാ ഗവൺമെണ്ടിൻെറ ഇൻഫർമേഷനും ബ്രോഡ്കാസ്റ്റിംഗും മന്ത്രിയായ സർദാർ പട്ടേൽ യൂണിയൻ പാർലമെൻററിൽ ഒരു ചോദ്യത്തിനുത്തരമായി പ്രസ്താവിച്ചിരിക്കുന്നു.

# The Udayam

A High Class Socio — Political — Literary — Anglo-Malayalam Pictorial Weekly

PUBLISHED EVERY SATURDAY

Props: M/s. P. J. THARAKAN & SONS., MATTANCHERRY, COCHIN.

*Editor*: L. M. THOMAS

Annual Subscription: Rs. 10/-

Vol. 1 ഉദയം No. 15


## അവരുടെ ലാഭചിന്ത

മി. ആർ. കെ ഷൺമുഖം ചെട്ടി കൊച്ചി ദിവാൻജിയായിരുന്ന കാലത്തു് അനേകായിരം ഉറുപ്പിക വ്യയംചെയ്തു് തലസ്ഥാനനഗരിയിൽ നിർമ്മിച്ചിട്ടുള്ള ഒരു കെട്ടിടമാണ് റാംമോഹൻ പാലസ്. കൊച്ചി മഹാരാജാവു തിരുമനസ്സിലെ പ്രജാലക്ഷങ്ങളിൽ അനേകായിരം പേക്ക് ജീവിക്കുന്നതിന് ശരിയായ സങ്കേതസ്ഥാനങ്ങളും മനുഷ്യോചിതമായ ഭവനങ്ങളുമില്ലാതെ ചെററക്കുടിലുകളിൽ ജീവിക്കുമ്പോൾ, സംസ്ഥാനാഥിതികളായി എത്തുന്നവരെ താമസിപ്പിക്കുവാൻ വേണ്ടി ഗവർമ്മേണ്ടു് ഭണ്ഡാരത്തിലെ വമ്പിച്ച സംഖ്യകൾ റാംമോഹൻ പാലസിനെപ്പോലുള്ള രാജകീയ മന്ദിര നിർമ്മാണത്തിനു വ്യയം ചെയ്യുന്നതു് നീതീകരിക്കുവാൻ കുറെ വിഷമമുള്ള ഒരു പ്രശ്നമാണെങ്കിലും, അഥിതി സല്ക്കാരത്തിൽ നാം പിന്നോക്കം പോകരുതെന്നു് കരുതി ആ ദുർവ്യയത്തെ ഏതാണ്ടു് സാധൂകരിക്കാം. വളരെ വിരളമായി മാത്രം കൊച്ചിയിലെത്തുന്ന സംസ്ഥാനാഥിതികളെ ഉദ്ദേശിച്ചു് നിർമ്മിക്കപ്പെട്ടിട്ടുള്ളതും നിരുപയോഗമായി കിടന്നിരുന്ന എന്നു തന്നെ പറയപ്പെടാവുന്നതുമായ ഈ കെട്ടിടത്തിലേക്കു് എറണാകുളത്തെ ജെനറൽ ആസ്പത്രി. നീക്കം ചെയ്യാൻ ഉദ്ദേശിക്കപ്പെടുന്നതായി ഒരു വർത്തമാനം ഏതാനും മാസങ്ങൾക്കു മുമ്പു് അധികൃതസ്ഥാനങ്ങളിൽ നിന്നു് പുറപ്പെടുകയുണ്ടായി. എറണാകുളം ജെനറൽ ആസ്പത്രിയിലെ കുപ്രസിദ്ധമായ സ്ഥലസൌകര്യക്കുറവിനെപ്പററി അറിയുന്നവക്കും, വൈദ്യശാസ്ത്രത്തിൻെറ മുന്നോട്ടുള്ള കുതിയ്ക്കുനസൃതമായി ഏററവും നവീനങ്ങളും ആധുനികങ്ങളുമായ സജ്ജീകരണങ്ങളോടുകൂടിയ ഒരു ഒന്നാംകിട ആസ്പത്രി കൊച്ചു കൊച്ചിയുടെ തലസ്ഥാന നഗരിയിൽ വേണ്ടതു് കൊച്ചിയിലെ പ്രജാലക്ഷങ്ങളുടെ ആവശ്യത്തിനും രാജ്യത്തിൻെറ പ്രശസ്തിക്കും അത്യന്താപേക്ഷിതമാണെന്നു് അഭിലഷിക്കുന്നവക്കും, സ്വാഗതാർഹമായ ഒരു വാർത്തയായിരുന്നു അതു്. അതേത്തുടന്നു്, എറണാകുളത്തും മററുമുണ്ടായിരുന്ന മിലിട്ടറി ആസ്പത്രികളിലെ സാധന സാമഗ്രികളെല്ലാം നിസ്സാരമായ വിലക്കു് ഇന്ത്യാ ഗവർമ്മേണ്ടിൽ നിന്നു് കൊച്ചിക്കു് കിട്ടിയെന്നുള്ള വാർത്തയും, അവ റാംമോഹൻ പാലസിൽ പ്രതിഷ്ഠ ലഭിക്കുവാൻ പോകുന്ന ആസ്പത്രിയെ തെന്നിന്ത്യയിലെ ഒരു ഒന്നാംകിട വൈദ്യസ്ഥാപനമാക്കിത്തീക്കുമെന്ന സുപ്രതീക്ഷയെ ദൃഢീകരിച്ചു. എന്നാൽ അവയെല്ലാം രാജ്യക്ഷേമികളുടെ സങ്കല്പലോകത്തിൽ മാത്രം സ്ഥിതി ചെയ്യുന്ന മോഹന സ്വപ്നങ്ങൾ മാത്രമാണെന്നു് വന്നിരിക്കുന്നു! അനേകായിരം ഉറുപ്പിക വ്യയം ചെയ്ത റാംമോഹൻ പാലസ് അനേകായിരം രോഗാതുരക്കു് ആശയും പ്രതീക്ഷയും നല്കുന്ന ഒരു സ്വർഗ്ഗമായിട്ടല്ല, കേവലം ഗവർമ്മേണ്ടു് ആപ്പീസുകൾ സ്ഥിതി ചെയ്യാനുള്ള ഒരു കെട്ടിടം മാത്രമായിട്ടാണ്, രൂപാന്തരപ്പെടുവാൻ പോകുന്നതു്! പ്രതിനിമിഷം മാറി മാറിക്കൊണ്ടിരിക്കുന്ന ഒരു ഭരണ ചക്രത്തിലെ നിശ്ചയങ്ങളും ആശയങ്ങളും മാറി മാറിക്കൊണ്ടിരിക്കുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. ഈ നിശ്ചയമാററത്തിന് ഗവർമ്മേണ്ടിന് പറയാനുള്ള ഒരു മുടന്തൻ ന്യായം, ഗവർമ്മേണ്ടാപ്പീസ്സുകൾ റാം മോഹൻ പാലസിലേക്കു് മാററുന്നതുകൊണ്ടു് ഗവർമ്മേണ്ടിന് 15,000ക വാടക വകയിൽ പ്രതിമാസം ലാഭമുണ്ടാകുന്നുണ്ടെന്നുള്ളതാണ്. ശരി, രാജ്യക്ഷേമവും ജനക്ഷേമവുമല്ല ഭരണാധികാരികളുടെ ലക്ഷ്യമെങ്കിൽ, ലാഭമുണ്ടാക്കൽ മാത്രമാണ് ഇന്നു് ഭരണചക്രം തിരിക്കുന്നവരുടെ ഉന്നമെങ്കിൽ, ധനം ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ അവർ കൂടുതലായി കണ്ടുപിടിക്കേണ്ടതായുണ്ടു്. പ്രതിമാസം രണ്ടായിരം ഉറുപ്പിക ശമ്പളം വാങ്ങിയിരുന്ന ഒരു ദിവാൻജിയും, അതിനേക്കാൾ വളരെ താഴ്ന്ന തോതിൽ ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്ന വകുപ്പദ്ധ്യക്ഷന്മാരും കൂടി നയിച്ചിരുന്ന ഭരണരഥത്തെ തന്നെയാണ് ജനകീയ ഭരണത്തിൻെറ പേരിൽ ഇന്നു് മൂന്നു മന്ത്രിമാർ നയിച്ചുകൊണ്ടിരിക്കുന്നതു്. മന്ത്രിമാർ ഓരോരുത്തക്കും അഞ്ഞൂറു ഉറുപ്പിക പ്രകാരമുള്ള പ്രതിമാസ ശമ്പളത്തിനു പുറമെ, കൊല്ലത്തിൽ മുപ്പതിനായിരം ഉറുപ്പികയാണ് യാത്രബത്തയായി

ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു്. ദിവാൻജി ഭരിച്ചിരുന്ന കാലത്തു് ഒരു ദിവാൻജിമന്ദിരവും ഒരു മോട്ടോർ കാറും ആവശ്യമായിരുന്നിടത്തു്, ഇന്നു് മൂന്നു മന്ത്രിമന്ദിരങ്ങളുടെ വാടകയും എസ്റ്റാബ്ലിഷ്മെൻറ് ചിലവുകളും മൂന്നു കാറുകളുമാണ് ആവശ്യമായി വന്നിരിക്കുന്നതു്. മന്ത്രിമാരുടെ കാറുകളുടെ പിന്നാലെ ജനകീയ ഭരണത്തിൻെറ പേരിൽ ഗവമ്മെണ്ടു് ഭണ്ഡാരത്തിലെ പണവും ഊക്കോടെ പാഞ്ഞുകൊണ്ടിരിക്കയാണെന്നല്ലേ അവരുടെ യാത്രാലവൻസ് സൂചിപ്പിക്കുന്നതു്. ഗവമ്മെണ്ടാപ്പീസുകളോടൊപ്പം മന്ത്രിമാരുടെ വസതികളും റാംമോഹൻ പാലസിലേക്ക് മാററിക്കൊണ്ടു്, വാടകയിനത്തിൽ ഇനിയും ഒരു തുക എന്തുകൊണ്ടു് ലാഭിച്ചുകൂടാ? നമ്മുടെ ജനകീയ മന്ത്രിമാർ ലാഭത്തേയല്ല, ജനക്ഷേമത്തേയാണ്, ലക്ഷ്യം വെച്ചു് പ്രവത്തിക്കേണ്ടതെന്നു്, അവർ ഇനിയെങ്കിലും മനസ്സിലാക്കിയിരുന്നെങ്കിൽ !

—808—

# തിരുവിതാംകൂർ രാജ്യകാര്യങ്ങൾ

(രാഷ്ട്രീയ ലേഖകൻ)

തിരുവിതാംകൂറിൻെറ ഭാവി ഭരണഘടന സജ്ജമാക്കുവാനുള്ള ജനപ്രതിനിധി സഭാ തിരഞ്ഞെടുപ്പ് പൂത്തിയായിരിക്കയാണല്ലോ. ഈ വിഷയത്തിൽ തിരുവിതാംകൂർ ഇന്ത്യയിലുള്ള ഇതര രാജ്യങ്ങളെയെല്ലാം പിന്നിൽ തള്ളിയിരിക്കുന്നു. പ്രായപൂത്തിവോട്ടവകാശാധിഷ്ഠാനത്തിൽ ഇന്ത്യയിൽ ഒരു തിരഞ്ഞെടുപ്പ് നടന്നിട്ടുള്ളതു് തിരുവിതാംകൂറിൽ മാത്രമാണ്. മാത്രമല്ല ലോകചരിത്രത്തിൽ പ്രായപൂത്തിവോട്ടവകാശത്തിന്മേൽ ഒരു ഭരണഘടനാ നിമ്മാണ സമിതി തിരഞ്ഞെടുക്കപ്പെടുന്നതും ഇതാദ്യമായിട്ടാണ്.

ഈ തിരഞ്ഞെടുപ്പിൻെറ ഫലങ്ങൾ പരിശോധനാവിധേയമാകുമ്പോൾ അതു് വ്യക്തിപരമായ രീതിയിലോ വഗ്ഗീയാടിസ്ഥാനത്തിലോ അല്ല, പ്രത്യുത കക്ഷി അടിസ്ഥാനത്തിലാണ് നടന്നിട്ടുള്ളതു് എന്നു് സ്പഷ്ടമാകുന്നുണ്ട്. മൂന്നും നാലും അംഗങ്ങളുള്ള ഒരു നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് ഫലം ആവിഷ്കൃതമായപ്പോൾ ഓരോ കക്ഷിയിൽ നിന്നും സ്ഥാനാത്ഥികളായിരുന്നിട്ടുള്ള എല്ലാവക്കും തുല്യമായ വോട്ടുകൾ ലഭിച്ചതായി കാണുന്നു. മറെറാരു വാക്കിൽ പറഞ്ഞാൽ വോട്ടർമാർ വ്യക്തികളെ നോക്കാതെ കക്ഷികൾക്ക് വോട്ടു കൊടുത്തു എന്നു് സ്പഷ്ടം. തിരഞ്ഞെടുപ്പിൽ തിരുവിതാംകൂർ സ്റ്റേയിററ് കോൺഗ്രസ്സ്, സ്റ്റേയിററ് മുസ്ലീം ലീഗ്, കമ്മ്യൂണിസ്റ്റ് പാർട്ടി, കേരള സോഷ്യലിസ്റ്റ് പാർട്ടി, സ്വതന്ത്രസ്ഥാനാത്ഥികൾ എന്നിങ്ങനെ അഞ്ചു് രാഷ്ട്രീയകക്ഷികളാണ് മത്സരിച്ചതു്. പ്രതിനിധി സഭയിലേക്കുള്ള 120 സ്ഥാനങ്ങളിൽ 112ലും സ്റ്റേയിററു് കോൺഗ്രസ്സ് സ്ഥാനാത്ഥികളെ നിത്തി. ബാക്കിയുള്ള 8 മുസ്ലീം സംവരണ സ്ഥാനങ്ങൾ സ്റ്റേയിററു് മുസ്ലീം ലീഗുമായുണ്ടായ ആലോചനാഫലമായി പരസ്പരം സഹായിക്കാമെന്ന വ്യവസ്ഥയിൽ ആ സംഘടനയ്ക്കു് വിട്ടു കൊടുത്തു. 9 മുസ്ലിം സീററുകൾ ഉള്ളതിൽ ഒന്നിൽ സ്റ്റേയിററു കോൺഗ്രസ്സ് സ്ഥാനാത്ഥി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. അങ്ങിനെ 120 സീററിലും സ്റ്റേയിററു കോൺഗ്രസ്സ് സ്ഥാനാത്ഥികളെ നിത്തിയെന്നു പറയാം. ഇതിൽ 55 സ്ഥാനങ്ങൾ എതിരില്ലാതെ കോൺഗ്രസ്സിന്നു് കിട്ടി. സ്റ്റേയിററു കോൺഗ്രസ്സിനെ എതിത്ത കമ്യൂണിസ്റ്റ് പാർട്ടി 17-ം കേരളാ സോഷ്യലിസ്റ്റ് പാർട്ടി 8-ം തിരുവിതാംകൂർ തമിഴ്നാടു് കോൺഗ്രസ്സ് 19 ഉം മണ്ഡലങ്ങളിലേക്ക് തങ്ങളുടെ സ്ഥാനാത്ഥികളെ നിത്തി. ഈ മൂന്നു കക്ഷികളും യോജിച്ചു് പ്രവത്തിക്കുക മാത്രമല്ല എല്ലാ സ്വതന്ത്ര സ്ഥാനാത്ഥികളെയും സഹായിക്കയും ചെയ്തു. ആകെ 32 സ്വതന്ത്രസ്ഥാനാത്ഥികൾ സ്റ്റേയിററ് കോൺഗ്രസ്സിനെ എതിത്തു.

തിരഞ്ഞെടുപ്പു ഫലം ഇപ്രകാരമാണ്: സ്റ്റേയിററ് കോൺഗ്രസ്സ് 97, തിരു. തമിഴനാടു് കോൺഗ്രസ്സ് 14, സ്റ്റേയിററ് മുസ്ലിം ലീഗ് 8, സ്വതന്ത്രൻ 1, കമ്മ്യൂണിസ്റ്റ് പാർട്ടി 0, കേരള സോഷ്യലിസ്റ്റ് പാട്ടി 0. എല്ലാ സ്വതന്ത്രസ്ഥാനാത്ഥികളും കമ്മ്യൂണിസ്റ്റ്കാരും, കേരള സോഷ്യലിസ്റ്റ് പാട്ടിക്കാരും കെട്ടിവെച്ചിരുന്ന തുക അവക്കു നഷ്ടപ്പെട്ടു. എല്ലാ സ്ഥലത്തും എതിരാളികൾക്കു ലഭിച്ചതിൻെറ നാലും അഞ്ചും ഇരട്ടിവോട്ടുകളാണ് സ്റ്റേയിററ് കോൺഗ്രസ്സ് സ്ഥാനാത്ഥികൾക്ക് സിദ്ധിച്ചതു്.

സ്റ്റേയിററ് കോൺഗ്രസ്സ് പരാജയമടഞ്ഞതു് തെക്കൻ തിരുവിതാംകൂറിൽ മാത്രമാണ്. കന്യാകുമാരി മുതൽ വടക്കോട്ടുള്ള 14 സീററും തിരു. തമിഴനാട്ടു് കോൺഗ്രസ്സ് പിടിച്ചെടുത്തു. അവർ നെയ്യാററിൻ കരയിലും ദേവികുളത്തും നിത്തിയിരുന്ന 5 സ്ഥാനാത്ഥികളും പരാജയമടഞ്ഞു. 100 ശതമാനവും തമിഴന്മാർ അധിവസിക്കുന്ന ചെങ്കോട്ട താലൂക്കിൽ സ്റ്റേയിററ് കോൺഗ്രസ്സ സ്ഥാനാത്ഥി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

* * * * * *

ഡൽഹിയിലെത്തണമെന്നു് ഒരു അടിയന്തിര സന്ദേശം ലഭിക്കയാൽ ശ്രീ. പട്ടം ഡൽഹിയിലേക്കു പോയിരിക്കുന്നു. തിരുവിതാംകൂർ മന്ത്രിസഭയുടേയും കോൺ അസംബ്ലിയുടേയും രൂപവൽക്കരണം സംബന്ധിച്ചുള്ള ആലോചനകൾക്കു വേണ്ടിയാണ് ശ്രീ. പട്ടം ഡൽഹിയിലേക്ക് പോയിരിക്കുന്നതു്. തിരുവിതാംകൂറും ഇന്ത്യൻ യൂണിയനും തമ്മിലുള്ള ബന്ധ

ത്തിൽ നിന്ന് ഉദയം ചെയ്യുന്ന സാമ്പത്തിക ബാദ്ധ്യതകളെ പററി യൂണിയൻ ഭരണാധികളുമായി ശ്രീ. പട്ടം സംഭാഷണം നടത്തുന്നതാണ്.

* * * * * *

തിരുവിതാംകൂറിന് വെളിയിൽ വലിയ വ്യവസായ സംരംഭങ്ങളിൽ ഏപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു തിരുവിതാംകൂറുകാരൻ സ്റ്റെയിററ് കോൺഗ്രസ്സ് നേതാക്കന്മാക്ക് സൃഷ്ടിപരമായ ചില നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. സർ. സി. പിയുടെ അനവധാനതാപൂർണ്ണമായ വലിയ വ്യവസായ സംരംഭങ്ങൾ മൂലം തിരുവിതാംകൂറിന് വന്നു ഭവിച്ചിരിക്കുന്ന വമ്പിച്ച നഷ്ടത്തെ പരിഹരിക്കുന്നതിനും സമാരംഭിതമായിട്ടുള്ള വ്യവസായങ്ങളെ ശരിയായ നിലയിൽ ക്രമീകരിക്കുന്നതിനും പമ്പാതട പദ്ധതി മുതലായി പുതിയതും രാജ്യത്തിൻെറ അഭിവൃദ്ധിയെ ഗണ്യമായി സഹായിക്കുന്നതുമായ ചില വലിയ വ്യവസായ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും മററുമായി അമേരിക്കയിലെ സുപ്രസിദ്ധമായ ടെനിസിവാലി അതോരിട്ടി പോലെ തിരുവിതാംകൂറിൽ ഒരു അതോരിട്ടി ഏപ്പെടുത്തണമെന്നും അതിൻെറ ഉത്തരവാദിത്വം വഹിക്കുന്നതിന്ന് ഇന്ത്യാ ഗവമ്മേണ്ടിൽ ജോലിയിലിരിക്കുന്നവരായ ഡോക്ടർ ജോൺ മത്തായി ശ്രീ. കെ. പി. എസ്സ്. മേനോൻ, സർ. ൻ. ർ. പിള്ള ആദിയായവരെ തിരുവിതാംകൂറിലേക്ക് ക്ഷണിച്ചു വരുത്തി അവരെ ഏല്പിക്കണമെന്നും മററുമാണ് സ്റ്റെയിററ് കോൺഗ്രസ്സിന്ന് നൽകിയിരിക്കുന്ന നദ്ദേശങ്ങൾ.



ഇംഗ്ലണ്ടിൽ പുതുതായി സജ്ജീകരിച്ചുവരുന്ന "ഹൌസ് ഓഫ് കോമൺ"സിൽ, ഒരു വിദഗ്ദ്ധ ശില്പി കൊത്തുപണി ചെയ്യുന്നു.

— നേതാക്കന്മാരുടെ സംഭാവന. —



K. JACOB THOMAS MEMORIAL PUBLIC LIBRARY MANARCAUD

ചെറുകഥ.

# വിവാഹം

( കളവങ്കോടം ബാലകൃഷ്ണൻ )

അവർ രണ്ടുപേരും അകന്ന ചാർച്ചക്കാരാണ്. നിരവധി പ്രതീക്ഷകളോടെ അവർ യൌവ്വനത്തിന്റെ മണിയറയിൽ പ്രവേശിച്ചു. ഒരു സുപ്രസന്നമായ സുപ്രഭാതത്തിൽ പുതുതായി വികസിക്കുന്ന ചെന്താമരപോലെ പങ്കജം മനോഹരിയായിരുന്നു. ആ നിസ്തുല പുഷ്പത്തിന്റെ നിസ്സർഗ്ഗസിദ്ധമായ സൗന്ദര്യവും സൌരഭ്യവും മാധവൻ വേണ്ടുവോളം ആസ്വദിച്ചിട്ടുണ്ട്. ആ പുഷ്പത്തിന്റെ മധുവും ആസ്വദിക്കാൻ അവൻ ആഗ്രഹിച്ചു.

ചെറുപ്പത്തിലേ തന്നെ അവർ ഒരുമിച്ചാണ് വളർന്നു വന്നതു്. ഒരുമിച്ചാണ് കളിക്കാറുണ്ടായിരുന്നതും. എത്രയെത്ര ദിവസങ്ങൾ അവർ കിഴക്കേ പാടത്തു് ചെളിയിൽക്കൂടി ഓടിനടന്നിട്ടുണ്ട്. എത്രയെത്ര തവണയാണ് അവർ ആ പടിഞ്ഞാറെക്കുളത്തിൽ 'ഉണ്ട'യിട്ടു കുളിച്ചിട്ടുള്ളതെന്നോ! അവളുടെ വീട്ടുമുററത്തു് നിലാവണി രാത്രിയിൽ 'പാത്തുകളി' ച്ചിട്ടുള്ള ഓർമ്മ ഇന്നും നില നില്ക്കുന്നു. 'കല്ലുകളി' യിലും വാക് തക്കത്തിലും എത്ര മണിക്കൂർ നേരം അവർ ഏർപ്പെട്ടിട്ടുണ്ട്.! എന്തെല്ലാം വിനോദങ്ങൾ!! ആ കാലങ്ങളെല്ലാം ഇങ്ങിനിവരാത്തവണ്ണം പോയി മറഞ്ഞിരിക്കുന്നു. പല ആണ്ടു പിറപ്പുകൾക്ക് അവർ സാക്ഷി നിന്നിട്ടുണ്ട്; പതിനേഴിൽ കുറയുകയില്ല, അതുകൊണ്ടാണ് ആ പഴയ മോഹന രംഗങ്ങൾ ആവർത്തിക്കാൻ അവർക്കു സാധിക്കാത്തതു്! പ്രായം കൂടുന്തോറും സ്വാതന്ത്ര്യം കുറഞ്ഞുവരികയാണ് !!.

ഇന്ന് അവർ തമ്മിൽ കണ്ടുമുട്ടുന്നതും സംസാരിക്കുന്നതും ആരും ഇഷ്ടപ്പെടുകയില്ല. യൗവ്വനം അപകടം നിറഞ്ഞതാണത്രേ! അവർ, അടങ്ങാത്ത ഹൃദയാവേശം കൊണ്ട് എവിടെയെങ്കിലും വച്ച് ഒന്നു സന്ധിച്ചു പോയാൽത്തീർന്നു; പിറേറ ദിവസം മുതൽ അവരെ ഒരു അപവാദ ധൂമിക വലയം ചെയ്യുകയായി! ദീർഘകാലത്തെ അടുപ്പം കൊണ്ടുണ്ടായ അവരുടെ ഏകീകരണത്തെപ്പററി മററുള്ളവരെന്തറിയുന്നു?. അവരുടെ ഹൃദയങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ ആർക്കു സാധിക്കുന്നു?.

അവളുടെ യുവത്വത്തിന്റെ സ്വപ്നങ്ങളുടെ നായകൻ മാധവനാണ്. അവന്റേതു് പങ്കജവും. ആ സ്വപ്നങ്ങൾ ജാഗ്രത്തിൽ ഭവിച്ചെങ്കിൽ!—അവരുടെ ആശയാണതു്.

x x x x x x

പങ്കജത്തിനു വിവാഹ പ്രായമായെന്ന് എല്ലാരും ഗ്രഹിച്ചു. അവളും. മാധവന്റെ അച്ഛനു് ആഗ്രഹമുണ്ടായിരുന്നു, അവനെക്കൊണ്ട് പങ്കജത്തെ വിവാഹം കഴിപ്പിച്ചാൽ കൊള്ളാമെന്ന്. കുട്ടിപ്രായത്തിൽ അവർ ഒരുമിച്ചു നടന്നിട്ടുള്ളതു കാണുമ്പോഴെല്ലാം അദ്ദേഹം വിചാരിക്കാറുണ്ടായിരുന്നു അവർ രണ്ടുപേരും നന്നാ ചേരുമെന്ന്.

ആ രണ്ടു കുടുംബങ്ങളും പുരാതനങ്ങളാണ്. പണ്ടേക്കു പണ്ടേ അവരുടെ ബന്ധം അഭംഗമായി പുലന്നു വന്നിരുന്നു. പക്ഷേ, പങ്കജത്തിന്റെ പിതാവിന്റെ പ്രയത്നം കൊണ്ടോ ഭാഗ്യം കൊണ്ടോ ആ കുടുംബത്തിന് കുറച്ചേറെ കഴിവുകൾ സാമ്പത്തികമായിട്ടുണ്ട്. ആ കോട്ടയാണ് അവരുടെയിടയ്ക്കു ഭയങ്കരമായി വളന്നു നില്ക്കുന്നതു്. ആ ധൂമപടലമാണ് അവരുടെയിടയ്ക്കു പടന്നു വ്യാപിച്ചിട്ടുള്ളതു്. പണക്കുമ്പാരത്തിന്റെ മുകളിൽ നിന്നുകൊണ്ടു പങ്കജത്തിന്റെ പിതാവു നോക്കിയപ്പോൾ, മാധവന്റെ അച്ഛൻ വെറും നിസ്സാരൻ! 'വെറും പണമില്ലാത്ത പിണം'!! പണപ്രമത്തതയുടെ ഇരുട്ടു കണ്ണടവച്ച് അദ്ദേഹം നോക്കിയപ്പോൾ അപരൻ വിലക്ഷണനാണെന്നു തോന്നി.

ഒരു ദിവസം മാധവന്റെ അച്ഛൻ പങ്കജത്തിന്റെ അച്ഛനോട് ഈ കല്യാണക്കാര്യത്തെപ്പററി ആലോചിച്ചു.

"അതെങ്ങനെയാ? അവൾക്ക് ഒരു പണക്കാരനായ വരൻ വന്നിട്ടൊണ്ട്. വാക്കും കൊടുത്തിരിക്കയാ!"—ഒരയഞ്ഞ മട്ടിൽ പങ്കജത്തിന്റെ അച്ഛൻ പറഞ്ഞു.

"നമ്മുടെ കുടുംബങ്ങളുടെ ആ പഴയ ബന്ധം ഒന്നു പുതുക്കാല്ലോ എന്നു കരുതി പറേണതാ"

പണം കണ്ട് ബന്ധം പുതുക്കാൻ വന്നിരിക്കുന്നു!— ഈ വാക്കുകൾ അദ്ദേഹത്തിന്റെ കണ്ഠനാളം വരെയെത്തി. അതു പുറത്തേക്കു വിട്ടില്ല. എങ്കിലും ആ വാക്കുകൾ കണ്ണുകളിലും ചുണ്ടുകളിലും കൂടി രൂപം കൈക്കൊണ്ടു. മാധവന്റെ അച്ഛനു് കാര്യം മനസ്സിലായി......അവർ അന്നു പിരിഞ്ഞതിൽപ്പിന്നെ ഇക്കാര്യത്തെപ്പററി അവർ തമ്മിൽ ഒരക്ഷരം ഉരിയാടിയിട്ടില്ല. സാമ്പത്തിക സാധമ്മ്യമില്ലാത്ത കുടുംബങ്ങൾ തമ്മിൽ ബന്ധമുണ്ടാവുമോ?.

* * * *

ഒരു പണക്കാരനായ യുവാവുതന്നെയാണ് അ

വൾക്ക് നിശ്ചയിച്ചിരിക്കുന്ന വരൻ— അവളുടെ ഭാവിയിലെ ഭർത്താവ്! അവൾ കണ്ടു, അദ്ദേഹത്തെ! അയ്യോ!!— അവൾ പൊട്ടിക്കരഞ്ഞു പോയി.! ഹൃദയം നൊന്തു കരഞ്ഞു. പക്ഷേ, ആരു കേൾക്കാൻ? വധുവാകാൻ പോകുന്നവർ ഇങ്ങിനെ കരയാറുണ്ട പോലും!

പണമുള്ള ഒരു പിശാച്! സ്ത്രീ ആഗ്രഹിക്കുന്ന സൌന്ദര്യം അയാളെ അനുഗ്രഹിച്ചിട്ടില്ല. വൈരൂപ്യം എത്രമാത്രമാവാമെന്ന് അവൾ അറിഞ്ഞു. യുവത്വത്തിൻെറ സ്വപ്നങ്ങളെപ്പററി അറിവില്ലാത്ത വാർദ്ധക്യം അവൾക്കുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്ന, ഭാവി ജീവിതസഖാവ് ഒരു വിരൂപൻ!

പങ്കജം പലവുരു പിതാവിൻെറ അടുക്കൽ പറഞ്ഞു:. ആ വിവാഹം അവൾക്കൊട്ടും ഇഷ്ടമില്ലെന്ന്; ആ സത്വവുമായിട്ടുള്ള അവളുടെ ജീവിതം എത്ര ഭയങ്കരമായിരിക്കുമെന്ന് അദ്ദേഹം ഒന്ന് ആലോചിച്ചു നോക്കാൻ; അവളുടെ ഭാവിജീവിതം ഒരു ഇരുട്ടറയാക്കിത്തീക്കരുതെന്ന്.

"ഇല്ല. അതു നടക്കണം."— അതാണ് വൃദ്ധൻെറ നിർബന്ധം: "നീ ലോകം കണ്ടിട്ടുണ്ടോ?"— അതുകൊണ്ട് ലോകം കണ്ട്, പലതും പഠിച്ച അദ്ദേഹം നിർദ്ദേശിച്ച വരൻ മതി അവൾക്ക്.

അവളുടെ കണക്കററ കണ്ണീര് അദ്ദേഹത്തിൻെറ മുമ്പിൽ തോററു മടങ്ങി. കണ്ണീരു വററി; എന്നിട്ടും കനിവ് ഉറവെടുത്തില്ല. അവൾ എന്തു കഠിനകഠനം ഭക്ഷിച്ചിരിക്കണം!;.

* * * *

ചന്ദ്രികച്ചാറു വഴിഞ്ഞൊഴുകുകയാണ്. നക്ഷത്രങ്ങൾ പൊട്ടിച്ചിരിക്കുന്നു. പഞ്ഞിക്കെട്ടുപോലുള്ള മേഘങ്ങൾ!!.

നെൽക്കതിരുകളുടെ ഭാരം കൊണ്ടു വളഞ്ഞിട്ടുള്ള നെൽച്ചെടികൾ കാററിൽ തങ്ങളിൽത്തങ്ങളിൽ ഉരുമ്മിയുരുമ്മി ആടിയുലയുന്നു. ആ പച്ചപ്പാടത്തിൻെറ പടിഞ്ഞാറെ വെണ്മണൽപ്പരപ്പ് ചന്ദ്രികയിൽ തിളങ്ങുകയാണ്.

പാതിരാക്കോഴികൾ കൂവുന്നുണ്ട്. മൂങ്ങകൾ മൂളുന്നുണ്ട് ഏതോ വലിയ രസമുള്ള വിനോദമെന്നവണ്ണം, കാററു പച്ചില ച്ചില്ലികളെ പെട്ടെന്നു പിടിച്ച് കലിക്കിയിട്ട് ഓടിക്കളയും! ദൂരെയെങ്ങുനിന്നോ ഒരു പട്ടിയുടെ കുര കേൾക്കാനുണ്ട്.

അതാ—ആ മണൽപ്പരപ്പിൽ—രണ്ടുപേർ—!!

"അവിടുന്ന് എന്താണീപ്പറയുന്നത്."

"പങ്കജം, യൗവനത്തിളപ്പു.കൊണ്ട് ചിലതു നീ മറന്നു പോകുന്നു. ഒന്നാമത്, ഒരു യുവതി അവളുടെ അച്ഛൻെറ ഹിതത്തിന്നെതിരായി പെരുമാറുന്നത് ഭയങ്കരമാണ്. നിൻെറ ക്ഷേമൈശ്വര്യങ്ങളെപ്പററി നിൻെറ പിതാവിനു നല്ല നിശ്ചയമുണ്ട്."

"പണത്തിനുവേണ്ടി കാണ്ടാമൃഗത്തെക്കൊണ്ട് എന്നെ വിവാഹം കഴിപ്പിക്കുന്നത് ക്ഷേമൈശ്വര്യങ്ങളെപ്പററിയുള്ള നിശ്ചയക്കൂടുതൽ കൊണ്ടായിരിക്കും!"

"യുവതി ഇച്ഛിക്കുന്ന വിവാഹത്തിന് രക്ഷകർത്താക്കന്മാർ അനുവദിക്കാത്തപ്പോൾ എല്ലാ യുവതികളും ഇങ്ങിനെ വിചാരിക്കാറുണ്ട്. നാം ഇന്നു ദുഃഖമായിക്കരുതുന്നതു് ഭാവിയിൽ സുഖമായി അനുഭവപ്പെടുന്നില്ലേ? എൻെറയും നിൻെറയും മാതാക്കന്മാർ ഇങ്ങനെ വിചാരിച്ചിട്ടുണ്ടാവും. എന്നിട്ടും അവർ ആ ജീവിതത്തോട് ഇണങ്ങിച്ചേൎന്നുവെന്നുള്ളതിൻെറ വ്യക്തമായ തെളിവുകളല്ലേ നാം? പരിസരങ്ങൾക്കൊത്തു ജീവിതം ക്രമപ്പെടുത്താൻ സാധിക്കാത്തവർ ജീവിക്കാൻ അഹ്ലരല്ല"

"നമുക്കു രണ്ടുപേക്കും വല്ലയിടത്തും പോകാം. തെണ്ടിയായാലും നമുക്കൊന്നിച്ചു ജീവിക്കാം. അങ്ങയെക്കൂടാതെ ഞാനെങ്ങിനെ കഴിഞ്ഞുകൂടും?"

"ഒരു പെണ്ണിൻെറ പിറകേ വല്ലയിടത്തും തെണ്ടിത്തിരിയാൻ എനിക്ക് സാദ്ധ്യമല്ല."

"നിരാശയാൽ നിറഞ്ഞ എൻെറ ജീവിതം അവസാനിപ്പിച്ചാൽ!—അതേ സാദ്ധ്യമായിട്ടുള്ളൂ".

"അതു് നിൻെറ ഇഷ്ടം. പക്ഷേ എനിക്ക് ഒന്നു പറയാനുണ്ട്. നിനക്ക് തോന്നുമ്പോൾ വലിച്ചെറിയാൻ, അത്രയ്ക്ക് നിസ്സാരമായതല്ല ജീവിതം എന്നു മനസ്സിലാക്കണം. എനിക്ക് എന്തെങ്കിലും നിന്നോടു പറയാനുണ്ടെങ്കിൽ, അതു് നിൻെറ അച്ഛനെ അനുസരിക്കണമെന്നു മാത്രമാണ്."

"സ്നേഹമില്ലാഞ്ഞിട്ടല്ലേ?"

"സ്നേഹക്കൂടുതൽകൊണ്ട്!"

പെട്ടെന്ന് ഒരു നിശ്ശബ്ദത അവിടെയെങ്ങും വ്യാപിച്ചു. അവക്കു രണ്ടുപേക്കും വളരെക്കാര്യങ്ങൾ പറയാനുണ്ട്. ഹൃദയം ആശയങ്ങൾകൊണ്ട് തിങ്ങി വിങ്ങുമ്പോൾ, വാണി വീർപ്പുമുട്ടുക പതിവാണ്. അവൾക്ക്, എങ്ങനെ പറയണമെന്നാണ് അറിയാൻ വയ്യാത്തതെങ്കിൽ അവന് എന്തു പറയണമെന്നാണ് അറിയാൻ വയ്യാത്തത്!

നീണ്ട നിശ്ശബ്ദതയ്ക്കുശേഷം അവൾ ശബ്ദിച്ചു:

"നാഥാ—!"

"ഛെ! നീ നാളെ ഒരു ഭാര്യയാണെന്ന് ഓക്ക!"

"പ്രിയപ്പെട്ട മാധവ,—"

"ഉം?"

"നാം ഇന്ന് അവസാനമായിട്ടാണ് കൂട്ടിമുട്ടുന്നതു്. നമ്മുടെ ജീവിത കാലത്തിൽ ഇനി ഇതുപോലുള്ള സമ്മേളന സന്ദർഭം ഉണ്ടാവുമോ എന്ന് സംശയമാണ്. അങ്ങ് എന്നെ സ്നേഹിക്കുന്ന ഒരു യുവാവാണ്; ഞാൻ അങ്ങയെ സ്നേഹിക്കുന്ന ഒരു യുവതിയാണ്. നാം തമ്മിലുള്ള ബന്ധം അധികാരികൾ നിരോധിച്ചിരിക്കുന്നു."

രണ്ടു പേരും ഒന്നുചേൎന്നു നിശ്വസിച്ചു. രണ്ടു ഹൃദയങ്ങളും അതിവേഗം തുടിക്കുകയാണ്.

അവൾ തുടൎന്നു:

"എന്റെ അവസാനത്തെ ആഗ്രഹം. നമുക്ക് ഈ സുന്ദര രാത്രിയിൽ ഒന്നുചേൎന്ന് ആനന്ദിക്കാം............"

"പങ്കജം! നീ ഇന്ന് ഒരു കാമഭ്രാന്തിയാണ്. നാളെ നീ ആരുടെ കഴുത്തിൽ മംഗല്യമാല്യം ചാൎത്തുന്നോ ആ ജീവനാഥനെ നീ വഞ്ചിക്കാൻ ആഗ്രഹിക്കുന്നു......? ആ യുവാവ് ഇക്കാൎയ്യം അറിഞ്ഞാൽ? വിവാഹത്തിന്റെ മറവിലും വഞ്ചന!"

അവൾ എന്തു ചെയ്യും?

"മാധവാ!" : "ഉം—?"

"അങ്ങേക്ക് എന്നോട് സ്നേഹമില്ലായിരുന്നു!"

"നിന്റെ ആഗ്രഹത്തിനു കിഴ്പ്പെടാത്തതുകൊണ്ട് നീയിങ്ങിനെ പറയുന്നു. എനിക്കും പ്രേമിക്കാനുള്ള ഹൃദയമുണ്ട്. ആത്മാൎത്ഥത ആ ഹൃദയത്തിന്റെ പ്രത്യേകതയാണെന്ന് നീ മനസ്സിലാക്കിയിട്ടില്ലെങ്കിൽ........"

ഘനമേറിയ കുറെ മിനിട്ടുകൾ ഇഴഞ്ഞു നീങ്ങി!

"മാധവാ" — അവൾ അവനെ കടന്നു പിടിച്ചു :— "അവസാനമായി ഒരു....... ഒരു..........." അയാൾ തടയുന്നതിനു മുമ്പ് അവൾ ആവേശാധിക്യത്തോടെ അയാളുടെ അധരം നുകൎന്നു!

"ഠേ"—ഒരു അടി, ചെവിട്ടത്ത്! "പോക്രു"—ഉഗ്രമായ ഒരു ആജ്ഞ!!

x x x x x x

സുകുമാരൻ, അതാണവളുടെ ഭൎത്താവിന്റെ പേര്. ആ പേരിന് ഒരു തരത്തിലും അയാൾ അൎഹനല്ലായിരുന്നു. സൗന്ദൎയ്യത്തിന്റെ ഒരു കണിക പോലും അയാൾക്കുണ്ടായിരുന്നില്ല.


അവർ താമസിക്കുന്നത് ഒരു വലിയ ബംഗ്ലാവിലാണ്. വൈദ്യുതവിദ്യയാണ് അവിടത്തെ പാചിക. വൈദ്യുത ദീപങ്ങൾ, പങ്കകൾ മുതലായ ഒട്ടേറേ സുഖദായകങ്ങളായ സംവിധാനങ്ങൾ അവിടെയുണ്ട്. അണിയാൻ ഒട്ടേറെ ആഭരണങ്ങൾ! ധരിക്കാൻ വേണ്ടുവോളം സിൽക്കു വസ്ത്രങ്ങൾ!! ദേഹത്തു ചാൎത്തുവാൻ സുഗന്ധദ്രവ്യങ്ങൾ കണക്കററ്!!. ഉല്ലസിക്കാൻ ഉത്തമമായ ഒരു ഉദ്യാനം! ആജ്ഞകൾ സ്വീകരിക്കാൻ ഭൃത്യജനങ്ങൾ ധാരാളം! ഉണ്ണാൻ ചതുൎവ്വിധ വിഭവങ്ങളോടു കൂടിയ ആഹാരം!! ഉവ്വ് ആനന്ദപ്രദമായ അന്തരീക്ഷമാണത്!

പക്ഷെ പങ്കജം! അവൾ ഒട്ടേറെ കരഞ്ഞു. എത്ര രാത്രികൾ, അവൾ കണ്ണുപൂട്ടാതെ കരഞ്ഞു കരഞ്ഞ് ഉന്തിത്തള്ളിയിരിക്കുന്നു! എന്നിട്ടും കരച്ചിൽ തീരുന്നില്ലെന്നേ! സാമ്പത്തീക സാധ്യതയാണോ മംഗല്യത്തിന്റെ മാനദണ്ഡം?— അവൾ പലവുരു ആ ചോദ്യം ആവൎത്തിച്ചു; ആരോടുമല്ല! വിധികൎത്താവു രാക്ഷസനാണെന്ന് അവൾ വിധിച്ചു. വാത്സല്യനിധികളാണോ മാതാപിതാക്കന്മാർ എന്നവൾക്കു സംശയമുണ്ടായി! പല്ലുഞെരിച്ചു കൊണ്ട് അവൾ ആരെയൊക്കെയോ, ഹൃദയവേദനയോടെ ശപിച്ചു.!.......

x x x x x x

സുകുമാരന്റെ അച്ഛനമ്മമാർ അകമഴിഞ്ഞു ആനന്ദിച്ചു. ഇത്രയും സുന്ദരിയായ ഒരു വധുവെ, അയാൾ തപസ്സു ചെയ്താൽ കിട്ടുകയില്ല. അയാൾ അസുരനാണെങ്കിൽ, അവൾ ദേവരാജ കുമാരി! എന്തൊരന്തരം?

വടക്കേതിലെ നാണു അവന്റെ ഭാൎയ്യയോട്, ചകിരി പിരിക്കുന്നതിനിടയ്ക്ക് പറയുകയാണ്: "ജാ



കഴിഞ്ഞ ലോക മഹാ യുദ്ധത്തിൽ കാഷ്ക്കോ നഗരത്തിൽ സംഭവിച്ച നാശങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതിനു ശേഷം നിശയിൽ എടുത്തിട്ടുള്ള ഈ പട്ടണത്തിന്റെ ഒരു ഫോട്ടോ.




ലോകത്തിലെ ഏററവും ചെറിയ റൈറപ്പ് റൈററർ ലണ്ടനിൽ മേയ് 3-ാംനു- സമാരംഭിക്കുന്ന "ബ്രി: ഇൻഡസ്റ്റ് ട്രീസ് ഫെയർ" പ്രദർശനത്തിൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്. 8½ റാത്തൽ തൂക്കം ഉണ്ട്. 11 ഇഞ്ച് നീളവും, 11 ഇഞ്ച് വീതിയും 2½ ഇഞ്ച് ഉയരവും മാത്രമേ ഇതിനുള്ളു.

ന്തു എത്ര മിടുക്കത്തിയാ പെണ്ണു! നല്ല കിളിപോലിരിക്കുന്നു!! "

"ചെറുക്കനെക്കണ്ടാ ഒരു മാതിരി വകതിരിവുള്ളോരാരും പെണ്ണിനെ കൊടുക്കേല."

"അതൊക്കെ പണത്തിൻെറ മിടുക്കാടീ!"

"അവളെങ്ങനെ നടക്കും ആ മരമുഞ്ഞീട കൂടെ?"

"നേരാ— ഒരു കൊരങ്ങു മാക്കാ!"

രണ്ടു പേരും ചിരിച്ചു.

x x x x x x

വിവാഹം മധുര പാനീയം നിറച്ച ഒരു കനക കുംഭമാണെന്ന് പലരും പുകഴ്ത്തിയിട്ടുണ്ട്. എന്നാൽ പങ്കജത്തിന്, വിവാഹം വെറും കണ്ണുനീർ നിറച്ച ഒരു അഴുക്ക മൺകുടമാണ്! സാധു!! പണം പിടിക്കാനുള്ള ചൂണ്ടലിൽ അവളെ ഇരയാക്കി, മാതാപിതാക്കന്മാർ!!

നല്ല ഭക്ഷണം, നല്ല വേഷവിധാനങ്ങൾ, ഇവയൊന്നും അവളെ തൃപ്തിപ്പെടുത്തിയില്ല. ദാഹിച്ചു വലയുന്ന അവളുടെ യുവത്വത്തിനു അത്യാവശ്യം പ്രണയത്തിൻെറ ഉറവു നീരാണ്. അതാണവൾക്കു ലഭിക്കാത്തതും! അവൾ അഴലിൻെറ അലയാഴിയിൽ ഉഴലുകയാണ്.

ദാഹിച്ചു പൊരിഞ്ഞു നാവു വരണ്ടു വരുന്ന ഒരാൾക്കു കിട്ടുന്ന പാനീയം വിഷമാണ്! എന്തു ചെയ്യും?......

ഭാര്യ എന്നു വച്ചാൽ പുരുഷൻെറ ദാസിയെന്നാണ് സുകുമാരൻ ധരിച്ചു വച്ചിരിക്കുന്നത്. അയാൾ വ്യാപാര ശാലയിൽനിന്നു വരുന്നതുവരെ കാത്തിരിക്കാനും, അയാൾക്ക് ആഹാര പദാർത്ഥങ്ങൾ വിളമ്പി വച്ചിട്ട് അടുത്തുതന്നെ ഭിത്തിയിൽ ചാരി നോക്കി നില്ക്കാനും, അയാൾക്കു കുളിക്കാനുള്ള വെള്ളം തിളപ്പിച്ചു കൊടുക്കാനും, കിടക്ക ശരിപ്പെടുത്തിയിടാനും വിളിക്കുമ്പോൾ അടുത്തു വരാനും ഒരാൾ!—സുകുമാരന് പങ്കജം അതാണ്!

അവളെ നോക്കി അയാൾ ഒന്നു പുഞ്ചിരിച്ചിട്ടില്ല. അവളുടെ അരുണിമയൊഴുന്ന പൂങ്കവിളിൽ അയാൾ പ്രണയത്തിൻെറ ചൂടുള്ള ഒരു ചുംബനം സമ്മാനിച്ചിട്ടില്ല. ഒരു നിലാവണി രാത്രിയിൽ, ആ പൂങ്കാവിൻെറ മദ്ധ്യ ഭാഗത്തുള്ള താമരപ്പൊയ്കയുടെ അരികത്തിരുന്ന് ഭർത്താവുമായി സല്ലപിക്കണമെന്ന് അവൾക്കു ആഗ്രഹം ഇല്ലാതില്ല. ചന്ദ്രികയുടെ പ്രകാശത്തിൽ പ്രശോഭിക്കുന്ന പ്രകൃതിയുടെ പ്രഭാവ പ്രചുരിമയെ നോക്കി അവൾ നെടുവീപ്പിടും!— നിരാശയുടെ നെടുവീപ്പു്! ആ നെടുവീപ്പുകേട്ട് ഉൽക്കണ്ഠാകുലമാവാൻ ഒരു ഹൃദയമില്ല. അവൾക്ക് ആവശ്യമുള്ളതെല്ലാം കൊടുക്കാൻ സന്നദ്ധതയുള്ള ഒരു ഭർത്താവല്ല, സുകുമാരൻ! ആ കണ്ണുകളിൽ ഊറുന്ന കണ്ണീർ തുടക്കാൻ അവളുടെ കൈകൾ തന്നെ ഉയരണം. അവൾക്ക് വികാരപൂർത്തി കൈവന്നിട്ടില്ല.

വെറും യാന്ത്രികമായ ആ ജീവിതം നിരാശയുടെ താങ്ങാൻ വയ്യാത്ത ഭാരവുമായി വലിഞ്ഞിഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു.

* * * *

ആദ്യം ഒരു പനി വന്നപ്പോൾ ആരറിഞ്ഞു അതു വസൂരിയായിത്തീരുമെന്ന്! തികഞ്ഞ ആത്മാർത്ഥതയോടു കൂടിത്തന്നെ അവൾ ഭർത്താവിനെ ശുശ്രൂഷിച്ചു. വസൂരി അവൾക്കും പടരുമെങ്കി

ലെന്തു? മരിച്ചേക്കും; അവരം ജിവിതത്തെ വെറുത്തുകഴിഞ്ഞു!.

പങ്കജത്തിനും പിടിപെട്ടു, ആ മഹാമാരി! പണം വാരിക്കോരി ചെലവു ചെയ്തു. വിലകൂടിയ പല മരുന്നും പ്രയോഗിച്ചു നോക്കി. എന്നിട്ടും സുകുമാരൻ മരിച്ചു. ദുർഘടമായ ഒരു സന്ധിയെ തരണം ചെയ്ത് പങ്കജം പൂർണ്ണസുഖം പ്രാപിച്ചു.

അവളുടെ യുവത്വത്തിൻെറ പ്രസരിപ്പും മററും വസൂരി കവന്നെടുത്തു കളഞ്ഞു. ഇന്നാമുഖത്തു് വളരെ വളരെകഴിഞ്ഞ പാടുകരം സ്ഥലം പിടിച്ചിട്ടുണ്ട്. ആ നീലിമയേറിയ നീണ്ട മിഴികരംക്കു പണ്ടത്തെപ്പോലെ ശോഭയില്ല. ആരും വീണ്ടും വീണ്ടും നോക്കിപ്പോകുമായിരുന്ന ആ മുഖത്തു് ഇന്നു് ആരെങ്കിലും നോക്കാനിടവന്നാൽ അയാരം തന്നത്താൻ ശപിക്കും !

മരു ഭയങ്കര മാററം! ഇന്നലെ സൌന്ദര്യത്തിൻെറ മഹാ മകുടം ധരിച്ചിരുന്ന മഹാറാണി ഇന്നു് വികൃതസത്വം! പതിനെട്ടു തികയാത്ത അവരം ഒരു വിധവ! അവരം, സ്വരൂപം കണ്ണാടിയിൽ കണ്ടു; ഞെട്ടിപ്പോയി! പൊട്ടിക്കരഞ്ഞു പോയി!! ഭാവിയിലേക്കു് അവരം ഒന്നു കണ്ണോടിച്ചു: മുഴുവൻ അന്ധകാരം; അവ്യക്തം.!

വിരൂപയായ വിധവ!!

* * * *

ഇന്നു് അവരം പിതാവിൻെറ വസതിയിലാണ്. മകരംക്കു പററിയ മാററത്തിൽ അദ്ദേഹം വ്യസനിച്ചു. താനാണു് മകളെ ഇങ്ങനെ ചതിച്ചതു്. അവരം ആ വിവാഹം നടക്കേണ്ടെന്നു് എത്ര പ്രാവശ്യം ആവത്തിച്ചതാണ്.

അവളുടെ സങ്കടത്തെപ്പററി ആക്കും അറിവില്ല. ഇന്നും അവരം യുവതിയാണ്. യുവതിയെന്ന നിലക്കു് ആയിരമായിരം ആശകളുണ്ട്; സ്വപ്നങ്ങളുണ്ട്. അവയൊന്നും തന്നെ ഇനി സാക്ഷാൽക്കരിക്കപ്പെടുവാൻ പോകുന്നില്ല. ഒന്നും സഫലീഭവിച്ചിട്ടുമില്ല!

പണ്ടു സ്നേഹിച്ചവർ, ആരാധിച്ചവർ ഇന്നവളെ കഠിനമായി വെറുക്കുന്നു. അന്നെല്ലാം അവളെ വിവാഹം ചെയ്യാൻ തയ്യാറായവർ, ഇന്നു് അവളെ പുച്ഛിക്കുന്നു; പഴിക്കുന്നു.! പണം മോഹിച്ചായാലും ഒരു വികൃത സ്വരൂപിണിയെ ആരെങ്കിലും വിവാഹം ചെയ്യുമോ? അവരം ഇഞ്ചിഞ്ചായി നീറി നീറി ദഹിച്ചു. നിരന്തരമായ കരച്ചിൽ മൂലം കണ്ണു കുഴിഞ്ഞു.

ആശയുടെ ഒരു നേരിയ രശ്മിപോലും ഇല്ലാത്ത ആ ഇരുളടഞ്ഞ ജീവിതം!— അതൊരു ജീവിതമാണോ?

* * * *

ആ വികൃത സത്വത്തെ ഇന്നും നിറഞ്ഞ ആത്മാത്ഥതയോടെ സ്നേഹിക്കാൻ കഴിവുള്ള ഒരേ ഒരു ഹൃദയമുണ്ട്: മാധവൻേറതു്.!.

പങ്കജത്തിൻെറ ദാരുണാവസ്ഥയിൽ അവൻെറ അകം അനുകമ്പയാൽ അലിഞ്ഞു. കദനചിന്തകളുടെ കരിപിടിച്ച അവളുടെ ഹൃദയത്തെ വീണ്ടും ശുദ്ധിയാക്കാൻ അവൻ ആഗ്രഹിച്ചു. വിഷാദത്തിൻെറ വീപ്പു മുട്ടിക്കുന്ന വിഷധൂമികയിൽ നിന്നു് അവളെ രക്ഷിക്കുവാ ൻ അവൻ തയ്യാറായി! അവിവാഹിതനായ അവൻ ആ വിധവയെ കല്യാണം ചെയ്യുവാൻ സന്നദ്ധനായി.!

പിതാവിൻെറ അനുവാദം വേണ്ടേ?

"അച്ഛാ — ആ പങ്കജം എത്രമാത്രം കഷ്ടപ്പെടുന്നു. അവളെ സമാശ്വസിപ്പിക്കേണ്ടതു് എൻെറ കടമയാണ്".

"അതിനു നീ എന്താ ചെയ്യാൻ പോണേ?"

"അവളെ ഞാൻ വിവാഹം ചെയ്യാൻ സന്നദ്ധനാണ്.!"

"നിനക്കെന്തിനാ ആ സൌന്ദര്യമില്ലാത്ത വിധവയെ?"

"സൌന്ദര്യമല്ല കാര്യം. ഞങ്ങളുടെ ആത്മാത്ഥത!!"

"ഞാൻ അന്നീ പെണ്ണിനെ ചോദിച്ചിട്ട് അവളുടെ അച്ഛനു് എന്തു പുച്ഛമായിരുന്നെന്നോ, അയാരംക്കങ്ങനെ വരണം അത്യാഗ്രഹം ആക്കും പാടില്ല".

"അവരങ്ങനെ അന്നു ചെയ്തു എങ്കിൽ നാം ഇന്നു് ഈ പതനത്തിൽ അവരെ സഹായിക്കണം."

"എടാ— ഞാൻ ഇതെല്ലാം കൊറേ കണ്ടിട്ടുണ്ട്" ആദശരം കൊണ്ട് ഈ ലോകത്ത് ഒന്നും നടക്കേല. മനുഷ്യരല്ലാത്തവരോട് നാം ആദശപ്രകാരം പ്രവത്തിച്ചതുകൊണ്ടും പുണ്യമില്ല."

"അച്ഛാ— എൻെറ ഒരാഗ്രഹം ഇതു മാത്രമാണ്. അതു് അച്ഛൻ അനുവദിക്കണം."

"ഞാൻ ഇതുവരെ എൻെറ അഭിമാനം ബലികഴിച്ചിട്ടില്ല."

"ഇതു് അഭിമാനത്തെ ബലികഴിക്കലല്ല. കേവലം മനുഷ്യത്വം മാത്രം."

"നീ എന്നെ ഉപദേശിക്കാനൊന്നും വരണ്ട. നീ എന്തു പറഞ്ഞാലും ഇതു ഞാൻ സമ്മതിക്കത്തില്ല. നിനക്കു് അവളെ കല്യാണം കഴിക്കണേൽ കഴിച്ചോളൂ. ഈ വീട്ടിൽ വന്നുപോകരുത്. എൻെറ ആജ്ഞയാണ്!."

എന്താണു പറയേണ്ടതെന്നു് അറിയാൻ വയ്യാത്ത ആ മകൻ, ആ അച്ഛനെ നോക്കി നിശ്ചലനായി നിന്നു പോയി!.


—ശുഭം—

## COCHIN MARKET REPORT.

| | 13-3-48. Rs. |
|---|---|
| Cocoanuts per 1000 Nos. | 97½ |
| Cocoanut Oil..........per cdy. | 275 |
| Copra | 190 - 195 |
| Cocoanut Oil Cake (M. D.) | 65 |
| " (B. D.) | 67½ |
| **Coir Yarn per cdy. of 6 cwts.** | |
| Real Allappat | 345 |
| Anjengo: Special | 350 |
| Superior | 335 |
| Ordinary | 300 |
| Aratory: Special | 320 |
| Superior | 275 |
| Ordinary | 265 |
| Weaving: Fine | 260 |
| Superior | 220 |
| Common | Rs. 160 |
| Imitation Allappat | 275 |
| Ashtamudi | 265 |
| Rope No. 2 | 148 |
| " 3 | 144 |
| " 4 | 140 |
| " 5 | 136 |
| " 6 | 126 |
| Coir Fibre No. 1 | 100 |
| " No. 2 | 95 |
| " No. 3 | 90 |
| **HILL PRODUCE** | |
| Lemon Grass Oil per doz. bottles of 22 ozs. | 61 - 62 |
| Pepper Garbled per cwt. | 140 |
| Ginger (Bleached) per cwt. | 37 |
| Turmeric per cdy. | 240 - 250 |
| Nux Vomica per cdy. | 84 |

## Steamer Movements

| Date | Steamer Name | Port of Destination | Steamer Agents |
|---|---|---|---|
| 17—3—48 | S. S. DAN-Y-BRYN | Port Said & Montreal | Aspinwall |
| 31—3—48 | M. V. Agapenor | New York, Gladston | Volkart Bros. |
| 3—4—48 | S. S. City of Doncaster | Middle East & U. S. A. | Aspinwall |
| 10—4—48 | M. V. Merchant Prince | - do - | " |
| Mid. April | S. S. City of Leeds | - do - | " |
| 30—4—48 | M. V. Menisthura | New York, Gladston | Volkart Bros. |




റഷ്യയിലെ കുറാ നദിയിൽ കെട്ടിയിട്ടുള്ള ഒരു അണ.

# നോട്ടീസ്

"ഉദയം" ഏജൻറുമാരും വരിക്കാരും കുടിശ്ശിഖ വകയിൽ "ഉദയം" ആപ്പീസിലേക്ക് അടയ്ക്കുവാനുള്ള സംഖ്യകൾ 1948 മാർച്ച് 30-ാംനു-യ്ക്കകം അടച്ച് അവരുടെ കണക്കുകൾ ശരിപ്പെടുത്താത്തപക്ഷം ഏപ്രിൽ 1-ാം നു- മുതൽ ചിത്രവാരിക ഇവിടെ നിന്ന് അയക്കുന്നതല്ലെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. പണം അഡ്വാൻസ് അയക്കാതെ മേലിൽ ആർക്കും ചിത്രവാരിക അയക്കുന്നതല്ല.

മാനേജർ, "ഉദയം" ചിത്രവാരിക.

# NOTICE

Our subscribers, advertisers and other constituents are hereby informed that Mr. Ernest F. Nigli, Journalist, has been appointed as our Travelling Representative from the Ist. March 1948. He is authorised to canvass subscribers and advertisers to the Journal, collect subscriptions, advertisement charges, and remit the same to us. He will work on our behalf in this capacity throughout the Cochin State and British Malabar.

***—Manager, Udayam.***

C. REG: No. 292.


*Subscribe to and Advertise in*

# UDAYAM

The Anglo Vernacular Illustrated Weekly

OF KERALA

*Featuring:*
- ★ ART,
- ★ LITERATURE,
- ★ POLITICS,
- ★ COMMERCE,
- ★ AGRICULTURE,
- ★ CINEMA,
- ★ HUMOUR,
- ★ SPORTS.

*Contributed by leading writers & Journalists.*

## Tariff

| | | | |
|---|---|---|---|
| 4th Cover Page | ... | ... | Rs. 150 |
| 2nd & 3rd Cover Page | ... | ... | ,, 130 |
| Inside full Page | ... | ... | ,, 110 |
| Inside half Page | ... | ... | ,, 70 |
| Inside quarter Page | .. | ... | ,, 40 |

Please contact the

*Manager,* UDAYAM

P. J. THARAKAN & SONS,

MARAKADAV, COCHIN.


Printed and Published by P. J. Tharakan & Sons, Cochin from the Pearl Press, Cochin.